بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 31

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂലായ് 30/ഹി.ശം. 1399 വഫാ 30/1441 ദുൽഹിജ്ജ 08

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا لَا تَاۡكُلُوۡۤا اَمۡوَالَـكُمۡ بَيۡنَكُمۡ بِالۡبَاطِلِ اِلَّاۤ اَنۡ تَكُوۡنَ تِجَارَةً عَنۡ تَرَاضٍ مِّنۡكُمۡ ۚ وَلَا تَقۡتُلُوۡۤا اَنۡفُسَكُمۡ ؕ اِنَّ اللّٰهَ كَانَ بِكُمۡ رَحِيۡمًا ۝ (النساء:30)

'വിശ്വസിച്ചവരേ! നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത്. എന്നാൽ, (അതു കരസ്ഥമാകുന്നത്) നിങ്ങളിൽനിന്നും ഉഭയസമ്മതത്തോടെയുള്ള കച്ചവടമാകുന്നത് അനുവദനീയമാണ്. നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോടു വളരെയേറെ കരുണയുള്ളവനാകുന്നു.'(4:30)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സൽക്കർമങ്ങളുടെ ആവശ്യകതയുണ്ട്. അല്ലാഹുവിന്റെ അടുത്ത് ഏതെങ്കിലും വസ്തു പോകുകയാണെങ്കിൽ അത് സൽക്കർമങ്ങൾ മാത്രമാണ്.**

**ഖീലയും ഖാലയും പ്രദർശനപരതയുമാത്രമാണ് കാര്യമെങ്കിൽ മറ്റുള്ളവരും നമ്മളും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? മറ്റുള്ളവരുടെമേൽ നിങ്ങൾക്ക് എന്തു ശ്രേഷ്ഠതയാണുള്ളത്? നിങ്ങൾ നിങ്ങളുടെ കർമപരമായ മാതൃകമാത്രം കാണിക്കുക. അതിൽ മറ്റുള്ളവർ സ്വീകരിക്കുന്ന ഒരു തിളക്കമുണ്ടാകണം.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സൽക്കർമങ്ങളും തഖ്വായും

ഞാനെന്റെ ജമാഅത്തിനെ സംബോധന ചെയ്തു പറയുന്നു: സൽക്കർമങ്ങളുടെ ആവശ്യകതയുണ്ട്. അല്ലാഹുവിന്റെ അടുത്ത് ഏതെങ്കിലും വസ്തു പോകുകയാണെങ്കിൽ അത് സൽക്കർമങ്ങൾ മാത്രമാണ്. *ഇലയ്ഹി യസ്അദുൽ കലിമുത്ത്വയ്യിബു*-പരിശുദ്ധ വചനങ്ങൾ അവനിലേക്കാണ് കയറിപ്പോകുന്നത്-(35:11). അല്ലാഹുതന്നെ പറയുന്നു: ഇക്കാലത്ത് നമ്മുടെ തൂലിക നബി(സ)തിരുമേനിയുടെ വാളുകൾക്കു തുല്യമാണ്. പക്ഷേ, വിജയും സഹായവും ലഭിക്കുന്നത് മുത്തഖികൾക്കാണ്. അല്ലാഹു ഇങ്ങനെ വാഗ്ദാനം ചെയ്തു, *കാന ഹഖ്ഖൻ അലയ്നാ നസ്റുൽമുഅ്മിനീൻ*(30:48) മുഅ്മിനീങ്ങളെ സഹായിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. *ലൻയ്യജ്അലല്ലാഹു ലിൽകാഫിരീന അലൽ മുഅ്മിനീന സബീലൻ*(4:142)അല്ലാഹു മുഅ്മിനീങ്ങളുടെമേൽ കാഫിരീങ്ങൾക്ക് വഴി കൊടുക്കുകയില്ല. അതുകൊണ്ട് ഓർമിക്കുക! നിങ്ങളുടെ ഫതഹ്, തഖ്വാ കൊണ്ടായിരിക്കും. ഇല്ലെങ്കിൽ അറബികൾ വെറും പ്രസംഗകരും ഖത്വീബുമാരും കവികളുമൊക്കെത്തന്നെയായിരുന്നു. സ്വഹാബത്ത് തഖ്വാ കൈക്കൊണ്ടു അല്ലാഹു തന്റെ മലക്കുകളെ അവരുടെ സഹായത്തിന്നിറക്കി. ചരിത്രം മനുഷ്യൻ പഠിക്കുകയാണെങ്കിൽ ആദരണീയരായ സ്വഹാബത്ത് *രിള്വാനുല്ലാഹി അലയ്ഹിം യജമയീൻ* എത്രയെത്ര വിജയം നേടിയോ അതൊന്നും മാനുഷികമായ ശക്തിയുടേയും അധ്വാനത്തിന്റേയും ഫലമായിരുന്നില്ലെന്ന് അവനു കാണാൻ കഴിയും. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലംവരെ 20 വർഷത്തിനുള്ളിൽത്തന്നെ ഇസ്ലാമികഭരണം ആഗോളതലത്തിലായി. ഇങ്ങനെ ചെയ്യാൻ മനുഷ്യന് കഴിയുമോ? എന്ന് ഇനി നമുക്കൊന്നു പറഞ്ഞുതരിക. അതുകൊണ്ട് അല്ലാഹു ആവർത്തിച്ചാവർത്തിച്ച് പറയുന്നു, *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വ്വല്ലദീനഹും മ്മുഹ്സിനൂൻ* (16:129) അല്ലാഹു മുത്തഖികളുടെ കൂടെയാകുന്നു. തഖ്വാ ഒന്നുമാത്രം ദൈവസ്നേഹത്തെ ആകർഷിക്കുകയില്ല. *വല്ലദീനഹും മ്മുഹ്സിനൂനും* ആയിരിക്കണം.

### മുത്തഖിയും മുഹ്സിനും

മുത്തഖിയുടെ അർഥമാണ് ഭയപ്പെടുന്നവൻ. ഒന്ന് അന്യാരാധന ഉപേക്ഷിക്കലാണ്. ഒന്ന് നന്മയുടെ വർധനയാണ്. മുത്തഖി അന്യാരാധനയുടെ അർഥം ഉൾക്കൊള്ളുന്നുണ്ട്. മുഹസിൻ നന്മയുടെ വർധന ആഗ്രഹിക്കുന്നു. ഞാൻ ഇതു സംബന്ധമായി ഒരു ഹികായത്ത്(ചരിത്രസംഭവം) വായിച്ചിട്ടുണ്ട്. ഒരു മഹാത്മാവ് ഒരാളെ ഭക്ഷണത്തിനു ക്ഷണിച്ചു. തന്റേതായ നിലയിൽ ആദിത്യത്തിനുള്ള എല്ലാ ഏർപാടും ചെയ്യുകയും നിറവേറ്റുകയും ചെയ്തു. അയാൾ ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ ആ മഹാത്മാവ് വളരെ വിനയത്തോടെ പറഞ്ഞു: 'അങ്ങയ്ക്ക് വേണ്ടുന്ന രീതിയിൽ ആതിഥ്യം നല്കാൻ എനിക്കു കഴിഞ്ഞിട്ടില്ല.' ഉടനെ അതിഥി പറഞ്ഞു: 'നിങ്ങൾ എന്നോടു നന്മയൊന്നും ചെയ്തിട്ടില്ല. പ്രത്യുത ഞാനാണ് അങ്ങയ്ക്ക് നന്മ ചെയ്തത്. എന്തുകൊണ്ടെന്നാൽ താങ്കൾ ജോലിത്തിരക്കിലായിരുന്നപ്പോൾ താങ്കളുടെ വീടിന് ഞാൻ തീ വെച്ചില്ല. താങ്കളുടെ സ്വത്തുക്കൾക്ക് ഞാൻ തീ ഇട്ടിരുന്നെങ്കിൽ എന്തായിരിക്കും സംഭവിക്കുക!' ചുരുക്കത്തിൽ മുത്തഖിയുടെ ജോലി തിന്മകളിൽനിന്ന് പിന്മാറുകയാണ്. അതിന്റെ അടുത്ത പടിയാണ് നന്മയുടെ വർധന. അത് ഇവിടെ മുഹ്സിനൂൻ എന്ന പദംകൊണ്ട് നിറവേറ്റപ്പെട്ടിരുക്കുന്നു; നന്മകളും ചെയ്യുക. തികഞ്ഞ സന്മാർഗിയായ മനുഷ്യനാകുന്നത് തിന്മകളിൽനിന്ന് അകന്ന് എന്താണ് നന്മ ചെയ്തതെന്ന് വായിക്കുമ്പോഴാണ്.

പറയുന്നു: ഇമാം ഹുസയ്ൻ(റ)ന്റെ പക്കൽ ഒരു ജോലിക്കാരൻ ചായക്കോപ്പയുമായി വന്നു. അടുത്തെത്തിയപ്പോൾ അശ്രദ്ധകൊണ്ട് ആ കോപ്പ അദ്ദേഹത്തിന്റെ തലയിൽ മറിഞ്ഞു. അദ്ദേഹം ബുദ്ധിമുട്ടുകൊണ്ട് അല്പം ദ്വേഷത്തോടെ അടിമയെ നോക്കി. അടിമ പതുക്കെ പറഞ്ഞു: *വൽകാളിമീനൽ ഗയ്ള്വ*(3:135) ഇതുകേട്ട് ഇമാം ഹുസയ്ൻ(റ) പറഞ്ഞു: '*കള്വംത്തു.* ഞാൻ ദ്വേഷം അടക്കിയിരിക്കുന്നു.' അടിമ വീണ്ടും പറഞ്ഞു: *വൽ ആഫീന അനിന്നാസി-കള്മുൻ* എന്നതിൽ മനുഷ്യൻ ദ്വേഷം അമർത്തുന്നു, പ്രകടിപ്പിക്കുകയില്ല. എന്നാൽ, ഉള്ളിൽ പൂർണമായ ഇഷ്ടമുണ്ടാകുകയില്ല. അതുകൊണ്ടാണ് മാപ്പ് എന്ന നിബന്ധന വെച്ചത്. അദ്ദേഹം പറഞ്ഞു: ഞാൻ മാപ്പാക്കി. പിന്നീട് അയാൾ ഓതി അല്ലാഹു *യുഹിബ്ബുൽ മുഹ്സിനീൻ കള്വമിനും അഫ്വിനും* ശേഷം നന്മ ചെയ്യുന്നവരാണ് ദൈവത്തിനു പ്രിയപ്പെട്ടവർ. ഇമാം ഹുസയ്ൻ(റ) പറഞ്ഞു: 'പോകൂ! ഞാൻ സ്വതന്ത്രനുമാക്കിയിരിക്കുന്നു.' സന്മാർഗിയുടെ മാതൃകകൾ ഇങ്ങനെയാണ്. ചായയുടെ കോപ്പ് മറിച്ചിട്ട് സ്വതന്ത്രനായി! ഇനി പറയുക, ഈ മാതൃക തത്ത്വങ്ങളുടെ വല്ല ശ്രേഷ്ഠതയും കൊണ്ടുണ്ടായതാണോ?

### നബി(സ)തിരുമേനിയുടെ പരിശുദ്ധശക്തി

അല്ലാഹു പറഞ്ഞു, *ഫസ്തഖിം കമാ ഉമിർത്ത* (11:113) അതായത് നേരെചൊവ്വെ ആകുക. ഒരു തരത്തിലുള്ള ദുഷ്കർമവും വക്രതയുമുണ്ടാകരുത്. പിന്നീടായിരിക്കും അല്ലാഹു ഇഷ്ടപ്പെടുക. നിങ്ങൾ നേരെയാകുകയും മറ്റുള്ളവരെ നേരെയാക്കുകയും ചെയ്യുക. അറബികളെ നേരെയാക്കുക എന്നത് എത്രമാത്രം ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ആളുകൾ ചോദിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: എന്നെ ഹൂദ് എന്ന അധ്യായം വൃദ്ധനാക്കി. കാരണം അതിലെ കല്പനകൊണ്ട് വമ്പിച്ച ഉത്തരവാദിത്വം എന്നിലുണ്ടായി. സ്വയം നന്നാക്കലും അല്ലാഹുവിന്റെ കല്പനകൾ പൂർണമായ നിലയിൽ നടപ്പാക്കലും താനുമായി ബന്ധപ്പെട്ടതാണെങ്കിൽ അത് നിറവേറ്റാൻ കഴിയും. പക്ഷേ, മറ്റുള്ളവരെ അങ്ങനെ ആക്കിത്തീർക്കുന്നത് എളുപ്പമുള്ള കാര്യമല്ല. ഇതിൽനിന്ന് നമ്മുടെ നബി(സ)തിരുമേനിയുടെ തേജോവിലാസവും പരിശുദ്ധ ശക്തിയും അറിയാൻ കഴിയുന്നു. എങ്ങനെയാണ് നബി(സ)തിരുമേനി ഈ കല്പന നടപ്പിലാക്കിയത്? ആദരണീയരായ സ്വഹാബത്തിന്റെ ജമാഅത്ത് തയ്യാറാക്കി; അവർ *കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്രിജിത്*

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഇസ്‌ലാം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**
**(മഹ്ദീമസീഹ്)**

അല്ലാഹുവിന്റെ സർവ നിയന്ത്രണങ്ങളുടേയും കീഴെ വരുന്നതിന്റെ പേരാണ് ഇസ്‌ലാം. അല്ലാഹുവിനോടുള്ള സത്യസന്ധവും പരിപൂർണവുമായ അനുസരണമാണ് അതിന്റെ ചുരുക്കം. പ്രതിഫലേച്ഛയൊന്നും കൂടാതെ തന്റേതായ സർവതും അല്ലാഹുവിന്റെ തിരുമുമ്പിൽ വെക്കുന്നവനാണ് മുസ്‌ലിം. *മൻ അസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ* (2:113).

അതായത് തന്റേതായ സർവതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി സമർപണം ചെയ്യുകയും അവന് ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നവനാണ് മുസ്‌ലിം. വിശ്വാസപരവും കർമപരവുമായ നിലയിൽ അവന്റെ ഉദ്ദേശ്യവും ലക്ഷ്യവും അല്ലാഹുവിന്റെതന്നെ തൃപ്തിയും പ്രീതിയും ആകണം. അവൻ ചെയ്യുന്ന നന്മകളും സൽകർമങ്ങളുമൊന്നും പ്രയാസങ്ങളോടും വിഷമങ്ങളോടും കൂടിയുള്ളതാകരുത്. പ്രത്യുത അവയിൽ ഒരു നിർവൃതിയുടേയും മാധുര്യത്തിന്റേയും ആകർഷണമുണ്ടാകണം. അത് എല്ലാതരം വിഷമങ്ങളേയും സന്തോഷമാക്കിമാറ്റുന്നതാവണം. യഥാർഥ മുസൽമാൻ, അല്ലാഹു തന്റെ പ്രേമപാത്രവും യജമാനനും സ്രഷ്ടാവും ഉപകാരംചെയ്യുന്നവനുമാണെന്നു പറഞ്ഞ് അവനെ സ്നേഹിക്കുകയും അതുകൊണ്ട് അവന്റെ തിരുസന്നിധിയിൽ തല വെക്കുകയും ചെയ്യുന്നു. നിന്റെ കർമങ്ങൾക്ക് ഒരു ഫലവും ലഭിക്കുകയില്ലെന്ന് സത്യവാനായ ഒരു മുസൽമാനോടു പറഞ്ഞാലും–സ്വർഗവുമില്ല നരകവുമില്ല സൗഖ്യവുമില്ല നിർവൃതിയുമില്ല– അവന് തന്റെ സൽകർമങ്ങളോ ദൈവസ്നേഹമോ ഒരിക്കലുമൊരിക്കലും ഉപേക്ഷിക്കാൻ സാധിക്കുകയില്ല. കാരണം അവന്റെ ആരാധനകളും അല്ലാഹുവുമായുള്ള ബന്ധവും അവനോടുള്ള അനുസരണവും അതിലുള്ള ലയനവുമൊന്നും ഏതെങ്കിലും പ്രതിഫലത്തിന്റേയോ പ്രതീക്ഷയുടേയോ അടിസ്ഥാനത്തിലുള്ളതല്ല. മറിച്ച് അവൻ തന്നെക്കുറിച്ച് മനസ്സിലാക്കുന്നത്, വാസ്തവത്തിൽ അല്ലാഹുവിനെ തിരിച്ചറിയുന്നതിനും അവനെ സ്നേഹിക്കുന്നതിനും അവനെ അനുസരിക്കുന്നതിനുംവേണ്ടി താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. തന്റേതായ ഒരു ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലതന്നെ. അതുകൊണ്ട് തന്റെ ദൈവദത്തമായ കഴിവുകളെ ഈ ലക്ഷ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കുംവേണ്ടി ചെലവഴിക്കുമ്പോൾ അവൻ തന്റെ യഥാർഥ പ്രേമഭാജനത്തിന്റതന്നെ മുഖമാണ് കാണുന്നത്. സ്വർഗത്തിന്മേലോ നരകത്തിന്മേലോ അടിസ്ഥാനപരമായി അവന്റെ ദൃഷ്ടി ഉണ്ടായിരിക്കുകയില്ല. അല്ലാഹുവിനെ സ്നേഹിക്കുകയോ അവനെ അനുസരിക്കുകയോ ചെയ്താൽ അതികഠിനമായി ശിക്ഷിക്കുമെന്ന് എന്നോടാരെങ്കിലും പറഞ്ഞാൽ ഞാൻ സത്യം ചെയ്തു പറയുന്നു, ആ ബുദ്ധുമുട്ടുകളേയും ബലാകളേയും ഒരു ആന്ദത്തോടും സ്നേഹാവേശത്തോടും ഉത്സാഹത്തോടും കൂടി സഹിക്കാൻ ഞാൻ തയ്യാറായിരിക്കും. കാരണം എന്റെ പ്രകൃതി അങ്ങനെയായിത്തീർന്നിരിക്കുന്നു. ദുഃഖവും ശിക്ഷയും അനുഭവിക്കേണ്ടി വരുമെന്ന് എത്ര ശക്തമായി പറഞ്ഞാലും ഒരിക്കലും അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്ന് ഒരു ചുവടുപോലും വെളിയിൽ വെക്കുകയില്ല. ആയിരക്കണക്കിന് അല്ല ലക്ഷക്കണക്കിന് മരണം വരിക്കേണ്ടി വന്നാലും ദുഃഖങ്ങളും വിഷമങ്ങളുമുണ്ടായാലും അനുസരണവൃത്തത്തിൽനിന്ന് പുറത്തു പോകുകയില്ല. കുട്ടികൾക്ക് മുലപാൽ കൊടുക്കാതിരുന്നാൽ അതിൽ സന്തോഷിച്ച് താൻ ആ മാതാവിന് സമ്മാനം നല്കുമെന്ന് ഏതെങ്കിലും രാജാവ് വിളംബരം ചെയ്യിച്ചാൽ ഏതെങ്കിലും ഉമ്മ ആ സമ്മാനം മോഹിച്ച് കുട്ടികൾക്ക് പാലുകൊടുക്കാതെ കൊല്ലുമോ? ഇപ്രകാരം സത്യസന്ധനായൊരു മുസൽമാൻ അല്ലാഹുവിന്റെ കല്പനയിൽനിന്ന് വെളിയിൽ പോകുന്നത് തന്റെ നാശത്തിന് കാരണമായി മനസ്സിലാക്കുന്നു; ആ അനുസരണക്കേടിന് അവന് എത്രതന്നെ ഐശ്വര്യ സമ്പൂർണമായ വാഗ്ദാനം നൽകിയാലും ശരി.

അതുകൊണ്ട് യഥാർഥ മുസ്‌ലിമാകാൻ അത്യാവശ്യമായ കാര്യം ഇത്തരത്തിലുള്ള പ്രകൃതി സമ്പാദിക്കുക എന്നതാണ്. അതായത് അല്ലാഹുവിനോടുള്ള സ്നേഹം, അവനോടുള്ള അനുസരണം ഏതെങ്കിലും പ്രതിഫലത്തിന്റേയോ ശിക്ഷയെ ഭയപ്പെട്ടോ എന്തെങ്കിലും പ്രതീക്ഷയുടേയോ അടിസ്ഥാനത്തിൽ ആകരുത്. പ്രത്യുത പ്രകൃതിയുടെ സ്വാഭാവികമായ പ്രത്യേകതയോടും അതിന്റെ ഭാഗമായിത്തീർന്നുംകൊണ്ട് അത് അവന് സ്വയം സ്വർഗം സൃഷ്ടിക്കുമാറ് അവനെ സ്നേഹിക്കുക. യഥാർഥമായ സ്വർഗം ഇതുതന്നെയാണ്. ഈ വഴി സ്വായത്തമാക്കാത്തിടത്തോളം ഒരു മനുഷ്യനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതുകൊണ്ട് ഞാനുമായി ബന്ധം വെക്കുന്ന നിങ്ങളോടു, ഇതേ വഴിയിലൂടെ പ്രവേശിക്കാൻ ഞാൻ പറയുകയാണ്. കാരണം സ്വർഗത്തിന്റെ യഥാർഥ വഴി ഇതു തന്നെയാണ്." (മൽഫൂദാത്ത് വാള്യം 2 പേജ് 133–134)

### ദൈവികസംരക്ഷണത്തിന്റെ രഹസ്യം

*ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ* എന്ന ആയത്തിൽനിന്ന് പരിശുദ്ധ റമസാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം മനഃസംസ്കാരത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന്ന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്നും ദൂരപ്പെടുക എന്നും മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവത്തെ കാണുവാൻ സാധിക്കുക എന്നുമാണുദ്ദേശ്യം. *ഉൻസില ഫീഹിൽ ഖുർആൻ* എന്ന ആയത്ത് ഇതിലേക്കുള്ള സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്ത്വപൂർണമാണെന്നതിൽ സംശയമില്ല. എന്നാൽ, വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽനിന്ന് തടഞ്ഞുനിറുത്തുന്നു. എനിക്കോർമയുണ്ട്. എന്റെ യവ്വനകാലത്ത് വ്രതാനുഷ്ഠാനും അഹ്‌ലുബയ്ത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് *സൽമാനും മിന്നാ അഹ്‌ലുൽ ബൈത്തി* എന്ന് അരുൾചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ടുവിധത്തിലുള്ള സമാധാനം എന്നാണർഥം. അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ– ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക; വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നുവെന്നെനിക്കു തോന്നി. അങ്ങനെ ഞാൻ തുടർച്ചയായി ആറു മാസക്കാലം നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോകുന്നതായി എനിക്കു കാണാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽനിന്ന് ആകാശത്തേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽനിന്ന് ഉയർന്നു പോകുകയാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. സാധിക്കുന്നിടത്തോളം അല്ലാഹു നിർദേശിച്ച കടമകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് *വ ഇൻ തസൂമു ഖയ്റുല്ലക്കും*(2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്.

എന്തിനാണ് അല്ലാഹു ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തഃരംഗം എന്നോട് മറുപടി പറഞ്ഞു. മനുഷ്യന്ന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ടു ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കുപോലും വ്രതാനുഷ്ഠാനത്തിനുള്ള ശക്തിയും കഴിവും നൽകുന്നതാണ്. ആ ശക്തി സംജാതമാകുന്നതിന്നുവേണ്ടിയാണ് ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ സാധിക്കുകയുള്ളൂ.

(ശേഷം പേജ് 11ൽ)

**ഹദീഥുന്നബ്‌വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

## ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു:'ഔഫിന്റെ മകനേ!താങ്കൾ സമ്പന്നനായതുകൊണ്ട് മുട്ടിൽ ഇഴഞ്ഞായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. അതിനാൽ നേരെ നടന്ന് സ്വർഗത്തിൽ പ്രവേശിക്കുന്നതിന് ദൈവമാർഗത്തിൽ ചെലവഴിക്കുക.'

ശ്രേഷ്ഠനായ ബദ്‌രി സ്വഹാബിയും മടികൂടാതെ ദൈവമാർത്തിൽ ചെലവഴിക്കുന്നയാളുമായ ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫിന്റേയും ഔസ് ഗോത്രത്തിന്റെ ഉന്നതനേതാവും ആത്മാർഥനും നബി(സ)തിരുമേനിയിൽ അനുരക്തനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റേയും പരിശുദ്ധമായ ജീവിതചരിത്ര വിവരണം.

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും(റ) ഭൂമിയിലെ അല്ലാഹുവിന്റെ ഖജനാവുകളിൽ രണ്ടു ഖജനാവുകളാണ്. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് ചെലവഴിക്കുന്നു.

**ഖുത്ബ ജുമുഅ 2020 ജൂൺ 26/1399 ഇഹ്സാൻ 26**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ- اِهْدِنَا الصِّرَاطَ الْمُسْتَقِيمَ-
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

കഴിഞ്ഞ ഖുത്ബയിലും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നെക്കുറിച്ചു വിവരിച്ചിട്ടുണ്ടായിരുന്നു. അവശേഷിക്കുന്ന ഭാഗം ഇന്ന് വിവരിക്കുന്നതാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ ധർമശീലം പ്രസിദ്ധമായിരുന്നു. സാമ്പത്തികത്യാഗം അദ്ദേഹം വളരെയധികം ചെയ്തിരുന്നു. ബദ്റിൽ പങ്കെടുത്ത ഓരോരുത്തർക്കും നാന്നൂറു ദീനാർവീതം തന്റെ സ്വത്തിൽനിന്ന് നൽകേണ്ടതാണെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നതായി ഒരു നിവേദനത്തിലുണ്ട്. അപ്രകാരംതന്നെ നടക്കുകയും ചെയ്തു. അക്കാലത്ത് സ്വഹാബിമാരുടെ എണ്ണം നൂറായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, ഭാഗം 4, പേജ് 293, അബ്ദുർറഹ്മാൻ ഔഫ്, ദാറുൽഫിക്ർ ബേറൂത്ത്, 1995)

നബി(സ)തിരുമേനി തബൂക്ക് യുദ്ധത്തിന് തയ്യാറെടുക്കാൻ സ്വഹാബാക്കളോട് കല്പിച്ചപ്പോൾ അവിടന്ന് ധനികരോട് അല്ലാഹുവിന്റെ മാർഗത്തിൽ ധനത്യാഗത്തിനും യാത്രാമൃഗങ്ങൾ സൗകര്യപ്പെടുത്തതിനും ആഹ്വാനവും നൽകി. അപ്പോൾ ഏറ്റവുമാദ്യം ഹദ്റത്ത് അബൂബക്കർ(റ) വന്നു. തന്റെ വീട്ടിലുണ്ടായിരുന്ന എല്ലാ ധനവും എടുത്തുകൊണ്ടുവരികയും ചെയ്തു. അത് നാലായിരം ദിർഹമുണ്ടായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്കറിനോടു ചോദിച്ചു, വീട്ടുകാർക്കുവേണ്ടിയും എന്തെങ്കിലും ബാക്കി വെച്ചിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു, വീട്ടുകാർക്കുവേണ്ടി അല്ലാഹുവിനേയും റസൂലിനേയും വിട്ടിട്ടാണ് വന്നിട്ടുള്ളത്. ഹദ്റത്ത് ഉമർ(റ) തന്റെ വീട്ടിലെ പകുതി ധനവുമായാണ് വന്നത്. നബി(സ)തിരുമേനി ഹദ്റത്ത് ഉമർ(റ)നോടു ചോദിച്ചു. വീട്ടുകാർക്കുവേണ്ടിയും എന്തെങ്കിലും വിട്ടിട്ടാണോ വന്നത്? പകുതി ധനം വെച്ചിട്ടാണ് വന്നതെന്ന് ഹദ്റത്ത് ഉമർ(റ)മറുപടി നല്കി.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) നൂറ് ഔഖിയാ നൽകി. ഒരു ഔഖിയ 40 ദിർഹമാണ്. അതായത് ഏകദേശം 4000 ദിർഹം. നബി(സ) തിരുമേനി പറഞ്ഞു: ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും(റ) ഭൂമിയിലെ അല്ലാഹുവിന്റെ ഖജനാവുകളിൽ രണ്ടു ഖജനാവുകളാണ്. അവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് ചെലവഴിക്കുന്നു. (അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 184, ഗസ്വ തബൂക്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002) (ലുഗാത്തുൽഹദീഥ്, വാല്യം 4, പേജ് 527, പദം 'ഔഖിയ')

ഹദ്റത്ത് ഉമ്മു ബക്കർ ബിൻത് മിസ്‌വർ(റ) നിവേദനം. ഹദ്റത്ത് ഉഥ്മാൻ(റ)ൽ നിന്ന് നാലായിരം ദീനാറിന് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഒരു സ്ഥലം വാങ്ങി. അത് ബനൂ സുഹറായിലെ ദരിദ്രർക്കും നിസഹായർക്കും ഉമ്മഹാത്തുൽ മുഅ്മിനീനും(റ) (പ്രവാചക പത്നിമാർക്ക്) ഇടയിൽ വിതരണം ചെയ്തു. മിസ്‌വർ ബിൻ മഖ്‌രമ പറയുന്നു: ആ സ്ഥലത്തുനിന്ന് ഞാൻ ഹദ്റത്ത് ആഇശാ(റ)ക്ക് അവരുടെ പങ്ക് നൽകിയപ്പോൾ ഇതാരാണ് നൽകിയതെന്ന് ഹദ്റത്ത് ആഇശാ(റ) ചോദിച്ചു. ഞാൻ പറഞ്ഞു: അബ്ദുർറഹ്മാൻ ബിൻ ഔഫ് നൽകിയതാണ്. അപ്പോൾ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: റസൂലുല്ലാഹ്(സ) പറയുകയുണ്ടായി, 'എനിക്കുശേഷം നിങ്ങളോട് സൽപെരുമാറ്റം കാണിക്കുന്നവർ അങ്ങേയറ്റം സഹനം കൈക്കൊള്ളുന്നവരായിരിക്കും.' ശേഷം അവർ ഇങ്ങനെ ദുആ ചെയ്തു: 'അല്ലാഹുവേ! നീ അബ്ദുർറഹ്മാനെ സ്വർഗത്തിലെ സൽസബീൽ നീരുറവയിൽനിന്ന് കുടിപ്പിക്കേണമേ.'(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 98,അബ്ദുർറഹ്മാൻ ബിൻ ഔഫ്, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1990)(രോശൻ സിത്താരെ, ഗുലാം ബാരിസയ്ഫ് സാഹിബ് വാല്യം 2 പേജ് 119)

ഒരു നിവേദനത്തിലുണ്ട്. നബി(സ)തിരുമേനി പറഞ്ഞു:എനിക്കു ശേഷം എന്റെ കുടുംബക്കാരെ നോക്കുന്നയാൾ സത്യവാനും സൽക്കർമകാരിയും തന്നെയായിരിക്കും. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഉമ്മഹാത്തുൽമുഅ്മിനീനെ അവരുടെ യാത്രാവാഹനമുൾപെടെ കൊണ്ടുപോകുകയും ഹജ്ജ് ചെയ്യിക്കുകയും അവരുടെ പല്ലക്കിനുമേൽ പർദയിടുകയും വഴിയാത്രക്കാർ കടന്നുപോകാത്ത സ്ഥലത്ത് അവർക്കായി താവളമടിക്കുകയും അവർക്ക് സ്വതന്ത്രമായി താമസിക്കാനുള്ള സൗകര്യമൊരുക്കുകയും ചെയ്യുമായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 4, പേജ് 292, അബ്ദുർറഹ്മാൻ ബിൻ ഔഫ്, ദാറുൽഫിക്ർ ബേറൂത്ത് 1995)

ഒരിക്കൽ മദീനയിൽ ഭക്ഷ്യക്ഷാമമുണ്ടായി. അതിനിടയിൽ ശാമിൽനിന്ന് എഴുന്നൂറ് ഒട്ടകങ്ങളിലായി ഗോതമ്പും ആട്ടയും മറ്റു ഭക്ഷ്യസാധനങ്ങളുമടങ്ങുന്ന സംഘം മദീനയിലെത്തി. അതുകാരണം മദീനയിൽ ഒച്ചപ്പാടും ബഹളവുമായി. എന്താണീ ബഹളം? എന്ന് ഹദ്റത്ത് ആഇശാ(റ) ചോദിച്ചു. ഗോതമ്പും ആട്ടയും മറ്റു ഭക്ഷ്യസാധനങ്ങളുമായി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ എഴുന്നൂറു ഒട്ടകങ്ങളടങ്ങുന്ന സംഘം എത്തിയിരിക്കുന്നു എന്ന് മറുപടി പറഞ്ഞു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആഇശാ(റ) പറഞ്ഞു: ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) മുട്ടിലിഴഞ്ഞുകൊണ്ട് സ്വർഗത്തിൽ പ്രവേശിക്കുന്നതാണെന്ന് നബി(സ)തിരുമേനി പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ആഇശാ(റ)യുടെ ഈ വാക്കുകൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) കേട്ടപ്പോൾ അദ്ദേഹം ഹദ്റത്ത് ആഇശാ(റ)യുടെ സവിധത്തിലെത്തി പറഞ്ഞു: അല്ലയോ മാതാവേ! ഞാൻ താങ്കളെ സാക്ഷിയാക്കിക്കൊണ്ട് പറയുന്നു, എനിക്ക് സ്വർഗത്തിൽ നടന്നുകൊണ്ട് പ്രവേശിക്കാൻ സാധിക്കുന്നതിന് ഈ മുഴുവൻ ധാന്യങ്ങളും ഭക്ഷണസാധങ്ങളും ചരക്കുകളും ഒട്ടകപ്പുറത്തിടുന്ന ചുമടുതാങ്ങികളടക്കം അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ നൽകിയിരിക്കുന്നു.(ഉസുദുൽഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 3, പേജ് 478, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ് വാല്യം 2 പേജ് 110–111)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ ദൈവമാർഗത്തിൽ ചെലവഴിക്കുന്നതിനെ സംബന്ധിച്ച് നിരവധി സംഭവങ്ങളുണ്ട്. സ്വഹാബത്തിന്റെ ജീവിതസംഭവങ്ങൾ സമാഹരിച്ചിട്ടുള്ളവർ അതെല്ലാം ശേഖരിച്ച് വെച്ചിട്ടുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ആളായിരുന്നുവെന്ന് ഉസുദുൽ ഗാബയിൽ എഴു

തിയിരിക്കുന്നു. ഒരിക്കൽ അദ്ദേഹം ഒറ്റ ദിവസം കൊണ്ട് മുപ്പത് അടിമകളെ സ്വതന്ത്രരാക്കി.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്110)

ഒരിക്കൽ ഹദ്റത്ത് ഉമർ(റ)ന് കുറച്ചു പണത്തിന് ആവശ്യം വന്നു. അദ്ദേഹം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)നോടു കടം ചോദിച്ചു. അദ്ദേഹം പറഞ്ഞു: അമീറുൽ മുഅ്മിനീൻ! അങ്ങ് എന്നോടെന്തിനാണ് കടം ചോദിക്കുന്നത്? അങ്ങയ്ക്ക് ബയ്ത്തുൽമാലിൽനിന്ന് കടം എടുക്കാവുന്നതാണല്ലോ? ഉഥ്മാനിൽനിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും സമ്പന്നനിൽനിന്നോ വാങ്ങാവുന്നതാണല്ലോ? ഹദ്റത്ത് ഉമർ(റ) പറഞ്ഞു: 'അങ്ങനെ ഞാൻ ചെയ്യുമ്പോൾ ബയ്ത്തുൽമാലിന് പണം മടക്കികൊടുക്കാനുള്ളത് ഞാൻ മറന്നുപോയാലോ? മറ്റുള്ളവരോടു വാങ്ങാത്തത്, ഏതെങ്കിലും പരിഗണനയാൽ കടംവാങ്ങിയ തുക തിരിച്ചുകൊടുമ്പോൾ എന്നിൽനിന്ന് വാങ്ങിയില്ലെങ്കിലോ? എന്നോർത്താണ്. എന്നാൽ, താങ്കൾ താങ്കളുടെ പണം തീർച്ചയായും എന്നോടു ചോദിച്ചു വാങ്ങുന്നതാണ്!(അശറ മുബശ്ശറ, ബശീർ സാജിദ്, പേജ് 882, അൽബദ്ർ പബ്ലിക്കേഷൻസ് ലാഹോർ)

പരസ്പരം ഭംഗിവാക്കുകളൊന്നും ഇല്ലാത്ത അവസ്ഥയായിരുന്നു ഇത്. അദ്ദേഹത്തിന് ആവശ്യമുള്ളപ്പോളെല്ലാം വാങ്ങാമായിരുന്നു, വാങ്ങുകയും ചെയ്തിരുന്നു.

ഹദ്റത്ത് അബ്ദുർറഹ്മാൻ ഔഫ്(റ)ന്റെ മകൻ ഇബ്റാഹീം തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ഔഫിന്റെ മകനേ! താങ്കൾ സമ്പന്നനായതുകൊണ്ട് മുട്ടിൽ ഇഴഞ്ഞായിരിക്കും സ്വർഗത്തിൽ പ്രവേശിക്കുക. അതിനാൽ നേരെ നടന്ന് സ്വർഗത്തിൽ പ്രവേശിക്കുന്നതിന് ദൈവമാർഗത്തിൽ ചെലവഴിക്കുക.' ഈ നിവേദനം ഹദ്റത്ത് ആഇശായുടെ നിവേദനവുമായി സാമ്യമുള്ളതാണ്. ഹദ്റത്ത് അബ്ദുർറഹ്മാൻ ഔഫ്(റ) ചോദിച്ചു: 'യാറസൂല്ലലാഹ്! ദൈവമാർഗത്തിൽ ഞാനെന്താണ് ചെലവഴിക്കേണ്ടത്? നബി(സ)തിരുമേനി പറഞ്ഞു: 'നിന്റെ കൈയിലെന്താണോ ഉള്ളത് അത്.' അദ്ദേഹം ചോദിച്ചു: 'യാ റസൂലല്ലാഹ്! അതു മുഴുവനും ചെലവഴിക്കണമോ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ.' ഹദ്റത്ത് അബ്ദുർറഹ്മാൻ ഔഫ്(റ) മുഴുവൻ മുതലും ദൈവമാർഗത്തിൽ ചെലവഴിക്കുമെന്ന തീരുമാനത്തോടെ പുറപ്പെട്ടു. കുറച്ചു കഴിഞ്ഞ് നബി(സ)തിരുമേനി അദ്ദേഹത്തെ വിളിപ്പിച്ചു. അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ പോയതിനുശേഷം ജിബ്രീൽ വന്നു. അദ്ദേഹം പറഞ്ഞു: 'അബ്ദുർറഹ്മാനോടു പറയുക! അതിഥികളെ സൽക്കരിക്കുക. അശരണർക്ക് ഭക്ഷണം കൊടുക്കുക. യാചകർക്ക് നല്കുക. മറ്റുള്ളവരെ അപേക്ഷിച്ച് ബന്ധുക്കളിൽ ആദ്യം ചെലവഴിക്കുക. ഇങ്ങനെ ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ മുതൽ പരിശുദ്ധമായി തീരുന്നതായിരിക്കും.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 97, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1990)(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്112)

പരിശുദ്ധമായ മുതൽ അല്ലാഹുവിന്റെ മാർഗത്തിൽ ഇങ്ങനെ ചെലവുചെയ്യുമ്പോൾ അതുമുഖേന മുട്ടിൽ ഇഴഞ്ഞിട്ടല്ല പ്രത്യുത നേരെ നടന്ന് സ്വർഗത്തിൽ പ്രവേശിക്കുന്നതായിരിക്കും. ഇതുതന്നെയായിരിക്കും ഫലമുണ്ടാകുക.

ഒരവസരത്തിൽ തന്റെ പകുതി ധനമായ നാലായിരം ദിർഹം ദൈവമാർഗത്തിൽ നൽകുകയുണ്ടായി. മറ്റൊരിക്കൽ നാല്പതിനായിരം ദിർഹമും പിന്നീടൊരിക്കൽ നാല്പതിനായിരം ദിനാറും അല്ലാഹുവിന്റെ മാർഗത്തിൽ ദാനമായി നൽകി. ഒരവസരത്തിൽ അഞ്ഞൂറു കുതിരകൾ അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തു. രണ്ടാമതൊരു അവസരത്തിൽ അഞ്ഞൂറ് ഒട്ടകങ്ങളും അല്ലാഹുവിന്റെ മാർഗത്തിൽ നല്കി. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭഗം 3, പേജ് 478, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്111)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ)ന്റെ മകൻ അബൂസലമ നിവേദനം, ഞങ്ങളുടെ പിതാവ് ഉമ്മഹാത്തുൽ മുഅ്മിനീൻ അഥവാ പ്രവാചക പത്നിമാർക്കുവേണ്ടി ഒരു തോട്ടം നൽകാൻ വസിയ്യത്ത് ചെയ്തു. ആ തോട്ടത്തിന്റെ വില 4 ലക്ഷം ദിർഹം ആയിരുന്നു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്119)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ദൈവമാർഗത്തിൽ കൊടുക്കുന്നതിനുവേണ്ടി ഒരിക്കൽ 50,000 ദിർഹം വസിയ്യത്തു ചെയ്തിരുന്നു. അനന്തരാവകാശസ്വത്തിൽ ആയിരം ഒട്ടകം, മൂവായിരം ആട്, നൂറു കുതിര എന്നിവയുണ്ടായിരുന്നു. അത് ബഖീയിൽ മേഞ്ഞിരുന്നു. മദീനയിൽനിന്ന് മൂന്നു കിലോമീറ്റർ വടക്കു ഭാഗത്തുള്ള ഒരു സ്ഥലമാണ് ജുർഫുജു. അവിടെ ഹദ്റത്ത് ഉമറിന് കുറച്ചു സ്ഥലമുണ്ടായിരുന്നു. ആ സ്ഥലത്ത് വെള്ളം വലിച്ചു കയറ്റുന്ന 20 ഒട്ടകത്തെകൊണ്ട് അദ്ദേഹം കൃഷി ചെയ്തിരുന്നു. അതിൽനിന്ന് വർഷം മുഴുവൻ വീട്ടുകാർക്കുള്ള ധാന്യം ലഭിച്ചിരുന്നു. ഒരു നിവേദനത്തിലുണ്ട്, അനന്തരാവകാശ സ്വത്തിൽ എത്രമാത്രം സ്വർണം ഉണ്ടായിരുന്നുവെന്നാൽ കോടാലികൾ കൊണ്ടാണ് അവ വെട്ടി മുറിച്ചിരുന്നത്. എത്രത്തോളമെന്നാൽ ആളുകളുടെ കൈകളിൽ അതുകൊണ്ട് കുമിളകൾ പൊന്തിയിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 100–101, അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 1990)(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്118)(ഫർഹങ്കെ സീറത്ത് പേജ് 87, സവാർ അക്കാഡമി, കറാച്ചി 2003)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) ഹിജ്റ 31 ലാണ് വഫാത്തായത്. ചിലർ പറയുന്നത് ഹിജ്റ 32 ലായിരുന്നുവെന്നാണ്. 72 വയസ്സുവരെ ജീവിച്ചു. ചിലരുടെ അഭിപ്രായത്തിൽ 78 വയസ്സെന്നുമുണ്ട്. ജന്നത്തുൽ ബഖീയിൽ അദ്ദേഹത്തെ ഖബറടക്കി. ഹദ്റത്ത് ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ഒരു അഭിപ്രായമനുസരിച്ച് ഹദ്റത്ത് സുബയ്ർ ബിൻ അൽഅവാമാണ് ജനാസ നമസ്കരിപ്പിച്ചത്. (അൽ ഇസാബ ഫീ തമീസിസ്സ്വഹാബ ഭാഗം 4, പേജ് 293, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽഫിക്ർ ബേറൂത്ത് 1995)(അത്ത്വബഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3,പേജ് 100, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) വഫാത്തായപ്പോൾ കട്ടിലിന്റെ അടുത്തുനിന്നുകൊണ്ട് ഹദ്റത്ത് സഅ്ദ് ബിൻ മാലിക്(റ)പറഞ്ഞു: 'വാ ജബലാഹ്! ഹായ് എന്റെ ദുഃഖമേ, പർവ്വതംപോലുള്ള വ്യക്തിത്വം ഉയർന്നുപോയി.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഔഫിന്റെ മകൻ ഈ ലോകത്തുനിന്ന് അവധിയെടുത്തു. അദ്ദേഹം ലോകത്തിലെ അരുവികളിൽനിന്ന് നിർമലമായ വെള്ളം കുടിക്കുകയും കലങ്ങിയത് ഉപേക്ഷിക്കുകയും ചെയ്തു. അല്ലെങ്കിൽ ഇങ്ങനെ പറയാവുന്നതാണ്, ഔഫിന്റെ മകൻ നല്ല കാലം പ്രാപിക്കുകയും മോശമായ കാലത്തിനുമുമ്പേ വിടവാങ്ങുകയും ചെയ്തു.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്. വാള്യം 2, പേജ്117)

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) തന്റെ സന്തപ്ത കുടുംബത്തിൽ മൂന്നു ഭാര്യമാരെ വിട്ടുംവെച്ചാണ് പോയത്. ഓരോ ഭാര്യമാർക്കും 80,000 ദിർഹം വീതം ഓഹരി കൊടുക്കപ്പെട്ടു. മറ്റൊരു നിവേദനത്തിൽ അദ്ദേഹത്തിന് നാലു ഭാര്യമാർ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ഓരോ ഭാര്യമാർക്കും 80,000 ദിർഹം വീതം ഓഹരി ലഭിച്ചു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3,പേജ് 101, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അടുത്തതായി വിവരിക്കുന്നത് ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നെക്കുറിച്ചാണ്. അൻസ്വാർ ഗോത്രമായ ഔസിന്റെ ശാഖയായ ബനൂഅബ്ദിൽ അശ്ഹലുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഔസ് ഗോത്രത്തിന്റെ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് മുആദ് ബിൻ നുഅ്മാൻ എന്നായിരുന്നു. മാതാവിന്റെ പേര് കബ്ശ ബിൻത് റാഫിഅ് എന്നായിരുന്നു. അവർ നബി(സ)തിരുമേനിയുടെ സ്വഹാബിയയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ സംജ്ഞാനാമം അബു അംറ് എന്നായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ ഭാര്യയുടെ പേര് ഹിന്ദ് ബിൻത് സിമാക് എന്നായിരുന്നു. അവരും സ്വഹാബിയ ആയിരുന്നു. ഹദ്റത്ത് ഹിന്ദിൽനിന്ന് ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നുണ്ടായ മക്കളായിരുന്നു, അംറും അബ്ദുല്ലായും. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ഉം ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്റും ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ കൈകളിലാണ് ഇസ്ലാംമതം സ്വീകരിച്ചത്. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ) രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത 70 സ്വഹാബത്തിനെക്കാൾ മുമ്പേ മദീനയിൽ വന്നു. അദ്ദേഹത്തെ മദീനയിലേക്ക് അയച്ചു. നബി(സ)തിരുമേനിയുടെ കല്പനയനുസരിച്ച് ജനങ്ങളെ ഇസ്ലാമിലേക്കു ക്ഷണിക്കുകയും അവർക്ക് വിശുദ്ധഖുർആൻ വായിച്ചു കേൾപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ഇസ്ലാം സ്വീകരിച്ചശേഷം ബനൂ അബ്ദിൽ അശ്ഹൽ ഗോത്രത്തോട് പറഞ്ഞു: നിങ്ങൾ ഇസ്ലാം സ്വീകരിക്കുന്നതുവരെ നിങ്ങളിലെ സ്ത്രീകളോടും പുരുഷന്മാരോടും സംസാരിക്കുക എന്നത് ഞാൻ നിഷിധമായി കരുതുന്നു. അങ്ങനെ ആ ഗോത്രത്തിലെ എല്ലാവരും ഇസ്ലാം സ്വീകരിച്ചു. ആദ്യമായി അൻസ്വാറിൽനിന്ന് ബനൂ അബ്ദിൽ അശ്ഹലിന്റെ പുരുഷന്മാരും സ്ത്രീകളുമെല്ലാം ഒന്നിച്ചു ഇസ്ലാം സ്വീകരിച്ചത് ഈ കുടുംബമായിരുന്നു. ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിനേയും ഹദ്റത്ത് അസ്അദ് ബിൻ സുറാറയേയും ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) വീട്ടിൽ കൊണ്ടുവന്നു. പിന്നീട് അവരിരുവരും ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ വീട്ടിൽത്തന്നെ ആളുകളെ ഇസ്ലാമിലേക്ക് ക്ഷണിച്ചിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ഉം ഹദ്റത്ത് അസ്അദ് ബിൻ സുറാറയും മാതൃസഹോദരീ പുത്രന്മാരായിരുന്നു. ബനൂ അബ്ദു അശ്ഹലിന്റെ ബിംബം തകർത്തവരായിരുന്നു ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ഉം ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്റും. ഒരേ കുടുംബത്തിൽപ്പെട്ടവരായിരുന്നു. അതുകൊണ്ട് ഗോത്രക്കാർ മുഴുവൻ ഇസ്ലാം സ്വീകരിച്ചപ്പോൾ അവർ അവരുടെ ബിംബം തകർത്തു. നബി(സ)തിരുമേനി ഹദ്റത്ത് സഅ്

ദ് ബിൻ മുആദ്(റ)നെ ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസിന്റെ സഹോദരനാക്കി. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)നെ ഹദ്റത്ത് അബൂ ഉബയ്ദ ബിൻ അൽജർറാഹിന്റെ സഹോദരനാക്കി.(അത്ത്വബ ഖാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 320–321, സഅ്ദ് ബിൻ മുആദ്(റ), ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(ഉസുദുൽഗാബ, ഫീ മഅ്രിഫത്തിസ്സ്വഹാബ, ഭാഗം 2, പേജ് 461, സഅ്ദ് ബിൻ മുആദ്(റ),ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2003)(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ, വാള്യം 3, പേജ് 70, സഅ്ദ് ബിൻ മുആദ്(റ),ദാറുൽഫിക്ർ ബേറൂത്ത് 1995)

ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)ന്റെ ഇസ്ലാം സ്വീകരണ സംഭവം പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നതിങ്ങനെയാണ്:

ഒന്നാം അഖബ ബയ്അത്തിനുശേഷം മക്കയിൽ നിന്ന് തിരിച്ചുപോകുമ്പോൾ തങ്ങൾക്ക് ഇസ്ലാമികാധ്യാപനങ്ങൾ പഠിപ്പിക്കുന്നതിനും തങ്ങളുടെ അന്യാരാധകരായ സഹോദരങ്ങളെ തബ്ലീഗ് ചെയ്യുന്നതിനും ഏതെങ്കിലും ഇസ്ലാമിക അധ്യാപകനെ തങ്ങളോടൊപ്പം അയക്കണമെന്ന് ആ 12 മുസ്ലിമീങ്ങൾ അപേക്ഷിച്ചു. നബി(സ)തിരുമേനി, അബ്ദുദ്ദാർ ഗോത്രത്തിലെ അങ്ങേയറ്റം ആത്മാർഥനും യുവാവുമായ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)നെ അവരോടൊപ്പം യാത്രയാക്കി. ഇസ്ലാമിക മുബല്ലിഗിനെ അക്കാലത്ത് ഖാരിയെന്നോ മുക്രി(മുഖ്രിയ്യുൻ) യെന്നോ ആണ് പറഞ്ഞിരുന്നത്. കാരണം അവരുടെ ജോലി അധികവും വിശുദ്ധ ഖുർആൻ കേൾപ്പിക്കുക എന്നതായിരുന്നു. എന്തുകൊണ്ടെന്നാൽ അതു തന്നെയായിരുന്നു ഇസ്ലാമിക പ്രബോധനത്തിന്റെ ഉത്തമ മാർഗം. അങ്ങനെ ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ഉം യഥ്രിബിൽ(മദീനയിൽ) മുക്രി എന്ന പേരിൽ പ്രശസ്തനായി. ഹദ്റത്ത് മുസ്അബ് മദീനയിലെത്തി അസ്അദ് ബിൻ സുറാറയുടെ വീട്ടിൽ താമസിച്ചു. അദ്ദേഹം മദീനയിലെ ഏറ്റവും ആദ്യത്തെ മുസ്ലിമായിരുന്നു. അല്ലെങ്കിൽത്തന്നെയും അങ്ങേയറ്റം ആത്മാർഥനും സ്വാധീനശക്തിയുള്ള പുണ്യാത്മാവുമായിരുന്നു. ആ വീടിനെ തന്റെ പ്രബോധന കേന്ദ്രമാക്കി. തന്റെ നിർബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതിൽ സദാ വ്യാപൃതനായി. മദീനയിൽ മുസ്ലിമീങ്ങൾക്ക് സംഘടിത ജീവിതം ലഭ്യമായിരുന്നു. അതും മറ്റുള്ളവരെ അപേക്ഷിച്ച് സമാധാനപരമായ ജീവിതം! അതുകൊണ്ട് അസ്അദ് ബിൻ സുറാറയുടെ പദ്ധതിയനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്ർ(റ)ന് ജുമാ നമസ്കരിപ്പിക്കാൻ നിർദേശം നല്കി. ഇങ്ങനെ മുസ്ലിമീങ്ങളുടെ സംഘടിതജീവിതത്തിന് തുടക്കം കുറിച്ചു. അല്ലാഹുവിന്റെ ഫള്ൽ എങ്ങനെ ഉണ്ടായിയെന്നാൽ കുറച്ചു കാലം കൊണ്ട് മദീനയിൽ വീടുകൾതോറും ഇസ്ലാമിനെക്കുറിച്ചുള്ള ചർച്ചകൾ തുടങ്ങി. ഔസ്, ഖസ്റജ് ഗോത്രങ്ങൾ വലിയ ആവേശത്തോടെ മുസ്ലിമീങ്ങളാകാൻ തുടങ്ങി. ചില സന്ദർഭങ്ങളിൽ ഒരു ഗോത്രത്തിലെ മുഴുവൻപേരും ഒറ്റ ദിവസം കൊണ്ടുതന്നെ മുസ്ലിമീങ്ങളായി മാറി. ഇപ്രകാരം ബനൂ അബ്ദുൽ അശ്ഹലിന്റെ ഗോത്രവും ഒന്നടങ്കം മുസ്ലിമീങ്ങളായി! ഈ ഗോത്രം അൻസ്വാറിന്റെ പ്രശസ്ത ഗോത്രമായ ഔസിന്റെ ഒരു മെച്ചപ്പെട്ട ഭാഗമായിരുന്നു. അതിന്റെ റഈസിന്റെ പേര് ഹദ്റത്ത് സഅ്ദ് ബിൻ മുആദ് എന്നായിരുന്നു. അദ്ദേഹം ബനൂ അബ്ദിൽ അശ്ഹലിന്റെ മാത്രം വലിയ നേതാവായിരുന്നില്ല. മറിച്ച് ഔസ് ഗോത്രത്തിന്റെ മൊത്തത്തിലുള്ള നേതാവും കൂടിയായിരുന്നു.

അങ്ങനെ ഇസ്ലാമിനെ കുറിച്ച് മദീനയിൽ ചർച്ച ആരംഭിച്ചപ്പോൾ സഅ്ദ് ബിൻ മുആദിന് അത് അത്ര ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അതിനെ തടയാൻ ആഗ്രഹിച്ചു.' ഇസ്ലാം സ്വീകരിക്കുന്നതിനുമുമ്പേ ഹദ്റത്ത് സഅ്ദ് ബിൻ മുആദ് വലിയ എതിരാളിയായിരുന്നു. എന്നാൽ, അസ്അദ് ബിൻ സുറാറയോടു അദ്ദേഹത്തിന് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. അതായത് അവർ പരസ്പരം മാതൃസഹോദരി പുത്രന്മാരായിരുന്നു. അസ്അദ് ബിൻ സുറാറ മുസ്ലിമായി കഴിഞ്ഞിരുന്നു. അതുകൊണ്ട് ഒരു കലഹം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സഅദ് ബിൻ മുആദ് നേരിട്ട് ഇടപെടുതന്നെ തടഞ്ഞിരുന്നു. അങ്ങനെ അദ്ദേഹം തന്റെ മറ്റൊരു ബന്ധുവായ ഉസയ്ദ് ബിൻ അൽ ഹുളയ്റിനോടു പറഞ്ഞു: അസ്അദ് ബിൻ സുറാറ കാരണം എനിക്ക് ചില തടസമുണ്ട്.' അദ്ദേഹം മുസ്ലിമായിരുന്നു. അദ്ദേഹത്തെ തബ്ലീഗിന് സഹായിക്കുകയും ചെയ്തിരുന്നു.'എന്നാൽ, താങ്കൾപോയി മുസ്അബിനെ തടയുക.' അസ്അദ് ബിൻ സുറാറയെ തടയുന്നതിനുപകരം ഹദ്റത്ത് മുസ്അബിനെ തടയുക. നമ്മുടെ ആളുകളിൽ ഈ നിർമതവാദം പ്രചരിപ്പിക്കരുത്. അസ്അദിനോടും ഈ രീതി ശരിയല്ലെന്നു പറയുക. അബ്ദിൽ അശ്ഹലിന്റെ വ്യതിരക്തമായ റഈസുമാരിൽപ്പെട്ടവരായിരുന്നു ഉസയ്ദ് ഗോത്രം. എത്രത്തോളമെന്നാൽ അവരുടെ പിതാവ് ബുആഥ് യുദ്ധത്തിൽ ഔസിന്റെ സർദാറുമായിട്ടുണ്ടായിരുന്നു. ബുആഥ് യുദ്ധത്തെ കുറിച്ച് മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഈ യുദ്ധം ഇസ്ലാമിനുമുമ്പേ മദീനയിലെ രണ്ടു ഗോത്രങ്ങളായ ഔസും ഖസ്റജും തമ്മിലായിരുന്നു നടന്നത്.

സഅ്ദ് ബിൻ മുആദിനുശേഷം ഉസയ്ദ് ബിൻ അൽഹുളയ്റിനും തന്റെ ഗോത്രത്തിൽ വലിയ സ്വാധീനമാണ് ഉണ്ടായിരുന്നത്. അങ്ങനെ സഅ്ദിന്റെ ആഹ്വാനപ്രകാരം അദ്ദേഹം മുസ്അബ് ബിൻ ഉമയ്റിന്റെയും അസ്അദ് ബിൻ സുറാറയുടെയും അടുത്തുപോയി. മുസ്അബിനോടു വലിയ ദ്വേഷത്തോടെ പറഞ്ഞു: 'താങ്കൾ എന്തിനാണ് ഞങ്ങളുടെ ആളുകളെ നിർമതക്കാരാക്കി ചുറ്റിക്കറങ്ങുന്നത്? അതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ നല്ലതായിരിക്കുകയില്ല.' ക്ഷണത്തിൽ വല്ല മറുപടിയും മുസ്അബ് നല്കുന്നതിനു മുമ്പേ അദ്ദേഹത്തോട് സഅ്ദ്(റ) പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: 'ഇദ്ദേഹം തന്റെ ഗോത്രത്തിലെ വലിയ സ്വാധീനമുള്ള റഈസാണ്. അദ്ദേഹത്തോട് മയത്തിലും സൗമ്യതയോടും സംസാരിക്കണം.' അങ്ങനെ മുസ്അബ് വലിയ ആദരവോടും സ്നേഹത്തോടുംകൂടി ഉസയ്ദിനോടു പറഞ്ഞു: 'താങ്കൾ ദ്വേഷപ്പെടാതിരിക്കുക. അങ്ങ് ദയവുചെയ്ത് അല്പനേരം ഇരിക്കുക. സമാധാനത്തോടെ ഞങ്ങൾ പറയുന്ന കാര്യങ്ങൾ കേൾക്കുക. അതിനുശേഷം അഭിപ്രായം പറയുക.' ഉസയ്ദ് ആ കാര്യം ബുദ്ധിപരമെന്നു മനസ്സിലാക്കി അവിടെ ഇരുന്നു.' സൽപ്രകൃതനായിരുന്നു. 'മുസ്അബ് അദ്ദേഹത്തിന് ഖുർആൻ കേൾപ്പിച്ചു. വലിയ സ്നേഹഭാവത്തോടെ ഇസ്ലാമിക അധ്യാപനങ്ങളെ കുറിച്ച് പറഞ്ഞു. ഉസയ്ദിൽ അത് എത്രമാത്രം സ്വാധീനം ഉണ്ടാക്കിയെന്നാൽ അദ്ദേഹം ഉടനെ മുസ്ലിമായി. എന്നിട്ട് പറഞ്ഞു: 'എന്റെ പിന്നിൽ ഒരാൾ കൂടിയുണ്ട്. അദ്ദേഹം ഇസ്ലാം സ്വീകരിക്കുമെങ്കിൽ ഞങ്ങളുടെ മുഴുവൻ ഗോത്രവും മുസ്ലിമീങ്ങളാകുന്നതാണ്. നിങ്ങൾ ഇവിടെ തന്നെ നില്ക്കുക. അദ്ദേഹത്തെ ഞാൻ ഇങ്ങോട്ട് അയക്കാം. അങ്ങനെ പറഞ്ഞ് ഉസയ്ദ് അവിടെ നിന്ന് എഴുന്നേറ്റുപോയി. എന്തോ കാരണമുണ്ടാക്കി സഅദ് ബിൻ മുആദിനെ, മുസ്അബ് ബിൻ ഉമയ്റിന്റെയും അസ്അദ് ബിൻ സുറാറയുടെയും അടുത്തേക്ക് അയച്ചു. സഅ്ദ് ബിൻ മുആദ് വന്നു. വളരെ ദ്വേഷത്തോടെ അസ്അദ് ബിൻ സുറാറയോടു പറഞ്ഞു:'നോക്കൂ, അസ്അദേ! താങ്കൾ നമ്മുടെ ബന്ധുത്വം മുതലാക്കി അനുവദനീയമല്ലാത്ത ഫലമെടുക്കുകയാണ്. ഇത് ശരിയല്ല.' ഇപ്പോൾ ഞാൻ ബന്ധുവെന്ന കാരണത്താൽ മൗനം പാലിക്കുകയാണ്. പക്ഷേ, ഇതിൽനിന്ന് മുതലെടുക്കരുത്.'

'അപ്പോൾ മുസ്അബ്(റ) അതേപോലെതന്നെ മൃദുഭാവത്തോടും സ്നേഹത്തോടുംകൂടി അദ്ദേഹത്തെ തണുപ്പിച്ചു.' ആദ്യം ചെയ്തതുപോലെ തന്നെ. എന്നിട്ട് പറഞ്ഞു: 'താങ്കൾ അല്പസമയം ഇരുന്ന് ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുക. ഇനി അതിൽ എന്തെങ്കിലും ആക്ഷേപാർഹമായിട്ടുണ്ടെങ്കിൽ(നിസംശയം) നിഷേധിച്ചാലും. സഅ്ദ് പറഞ്ഞു: അതേ, ഈ അഭ്യർഥന ബുദ്ധിപരമാണ്. തന്റെ കുന്തത്തിൽ ചാരി ഇരുന്നു. കുന്തം അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു. അധികമാളുകളും ഇങ്ങനെ ആയുധമെടുത്തുകൊണ്ടാണ് ചുറ്റിക്കറങ്ങാറുണ്ടായിരുന്നത്. ഹദ്റത്ത് മുസ്അബ് ആദ്യത്തെപോലെ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. പിന്നെ ഹൃദയഹാരിയായ നിലയിൽ ഇസ്ലാമികാധ്യാപനങ്ങൾ വ്യാഖ്യാനിച്ചു.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'അധികം താമസിച്ചില്ല, ഈ ബിംബവും കീഴടങ്ങി." അതായത് സഅ്ദ് ബിൻ മുആദും ഇക്കാര്യങ്ങൾ കേട്ട് കീഴടങ്ങി. 'അങ്ങനെ സുന്നത്താക്കപ്പെട്ട രീതിയിൽ സഅ്ദ് കുളിച്ചു വന്നു ശഹാദത്ത് കലിമ ചൊല്ലി. പിന്നീട് സഅ്ദ് ബിൻ മുആദും ഉസയ്ദ് ബിൻ അൽഹുളയ്റും ചേർന്ന്, അവരുടെ ഗോത്രത്തിനടുത്തേക്കുപോയി. സഅ്ദ് തന്റെ പ്രത്യേകമാക്കപ്പെട്ട അറേബ്യൻ ശൈലിയിൽ അവരോട് ചോദിച്ചു: 'അല്ലയോ ബനൂ അബ്ദിൽ അശ്ഹൽ സമൂഹമേ! നിങ്ങൾ എന്നെ എങ്ങനെയാണ് കാണുന്നത്? എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു: 'താങ്കളെ ഞങ്ങൾ നേതാ


**ഹദീഥുന്നബ്വി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

**ഹദീഥുന്നബ്വി (സ):**

**നബി(സ)തിരുമേനി പറഞ്ഞു:മുസ്ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

വായും നേതാവിന്റെ മകനായും കാണുന്നു, താങ്കളുടെ വാക്കുകളിൽ ഞങ്ങൾക്കു പൂർണവിശ്വാസമാണ്.' സഅ്ദ് പറഞ്ഞു: എന്നാൽ, നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നതുവരെ എനിക്കു നിങ്ങളുമായി ഒരു വിധ ബന്ധവുമുണ്ടായിരിക്കുകയില്ല.' അതിനുശേഷം സഅ്ദ് ഇസ്‌ലാമിന്റെ കാഴ്ച്ചപാടുകൾ അവർക്കു മനസ്സിലാക്കിക്കൊടുത്തു. ആ ദിവസം വൈകുന്നേരമാകുന്നതിനു മുമ്പേ എല്ലാ ഗോത്രാംഗങ്ങളും മുസ്‌ലിമീങ്ങളായി. സഅ്ദും ഉസയ്ദും ചേർന്ന് അവരുടെ ഗോത്രബിംബത്തെ പുറത്തെടുത്തു തകർത്തു.'

ആ ദിവസം മുസ്‌ലിമീങ്ങളായ സഅ്ദ് ബിൻ മുആദ്(റ)ഉം ഉസയ്ദ് ബിൻ അൽഹുളയ്റും ഉന്നതസ്ഥാനീയരായ സ്വഹാബിമാരിൽ ഉൾപ്പെടുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: അൻസ്വാറിൽ അവരുടെ സ്ഥാനം വളരെ ഉന്നതമായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല.' അവർ വളരെ ഉന്നതരായിരുന്നുവെന്നതിൽ സംശയമില്ല. 'പ്രത്യേകിച്ചും മദീനയിലെ അൻസ്വാറിൽ സഅ്ദ് ബിൻ മുആദിന്, മക്കയിലെ മുഹാജിരീങ്ങളിൽ ഹദ്റത്ത് അബൂബക്കർ(റ)നു ലഭ്യമായിരുന്ന പൊസിഷനായിരുന്നു ഉണ്ടായിരുന്നത്. ഈ യുവാവ് അങ്ങേയറ്റം ആത്മാർഥനും അങ്ങേയറ്റം കൂറുള്ളവനും ഇസ്‌ലാമിനും ഇസ്‌ലാമിന്റെ സ്ഥാപകർക്കുംവേണ്ടി ജീവൻ ബലിയർപിക്കാൻ സന്നദ്ധനായ പ്രേമിയുമായി പരിണമിച്ചു. കാരണം അദ്ദേഹം തന്റെ ഗോത്രത്തിന്റെ വലിയ റഈസുമായിരുന്നു. വളരെ ബുദ്ധിമാനായിരുന്നു. ഇസ്‌ലാമിൽ പ്രത്യേകമായ എന്നല്ല പ്രത്യുത വളരെ പ്രത്യേകമായ സ്വഹാബാക്കൾക്ക് ലഭ്യമായിരുന്ന പൊസിഷനായിരുന്നു അദ്ദേഹത്തിന് ലഭ്യമായിരുന്നത്.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'നിസംശയം! അദ്ദേഹത്തിന്റെ യുവത്വത്തിലുള്ള മരണത്തിൽ, സഅ്ദിന്റെ മരണത്തിൽ അല്ലാഹുവിന്റെ അർശും ഇളകി എന്ന് നബി(സ)തിരുമേനി പറഞ്ഞത് ഒരു അഗാധമായ സത്യസാക്ഷ്യത്തിലധിഷ്ഠിതമാണ്.

ചുരുക്കത്തിൽ ഇത്രമാത്രം ദ്രുതഗതിയിലായിരുന്നു ഔസിലും ഖസ്റജിലും ഇസ്‌ലാം വ്യാപിച്ചുകൊണ്ടുപോയത്. യഹൂദികൾ ഭയം നിറഞ്ഞ കണ്ണുകൾകൊണ്ട് ഈ ദൃശ്യങ്ങൾ കാണുകയായിരുന്നു. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അല്ലാഹുവിനെ അറിയൂ എന്ന് അവർ മനസ്സിൽ പറഞ്ഞിരുന്നു.(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 224-227) (ഫർഹംങെ സീറത്ത് പേജ് 60, സവാർ അക്കാഡമി കറാച്ചി 2003)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ വീണ്ടും ഒരു സ്ഥലത്ത് എഴുതുന്നു: നബി(സ) തിരുമേനി മദീനയിലെത്തി അധികനാൾ കഴിയുന്നതിനു മുമ്പേ, മക്കയിലെ ഖുറയ്ശികളുടെ ഭാഗത്തുനിന്ന് ഖസ്റജ് ഗോത്രത്തിന്റെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റേയും അയാളുടെ ബഹുദൈവാരാധാകരായ കൂട്ടാളികളുടേയും പേരിൽ ഒരു ഭീഷണിക്കത്ത് വരികയുണ്ടായി; 'നിങ്ങൾ മുഹമ്മദ്(സ)ന് അഭയം നല്കുന്നതിൽനിന്ന് പിന്തിരിയുക, ഇല്ലെങ്കിൽ നിങ്ങൾക്ക് നല്ലതല്ല.' ആ കത്തിന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു. നിങ്ങൾ ഞങ്ങളുടെ ആളായ മുഹമ്മദിന്(സ) അഭയം നല്കിയിരിക്കുന്നു. ഞങ്ങൾ ദൈവത്തിൽ ആണയിട്ടു പറയുന്നു, നിങ്ങൾ ഒന്നുകിൽ അയാളുമായുള്ള ബന്ധം ഉപേക്ഷിച്ച് അയാൾക്കെതിരിൽ യുദ്ധം ചെയ്യുക, അല്ലെങ്കിൽ കുറഞ്ഞ പക്ഷം അയാളെ അയാളുടെ നഗരത്തിൽനിന്ന് പുറത്താക്കുക. ഇല്ലെങ്കിൽ ഞങ്ങൾ ഞങ്ങളുടെ സകലസന്നാഹങ്ങളുമായി നിങ്ങളുടെമേൽ ആക്രമണം നടത്തുന്നതാണ്. നിങ്ങളിലെ എല്ലാ പുരുഷന്മാരേയും വധിക്കുന്നതായിരിക്കും. നിങ്ങളുടെ സ്ത്രീകളെ പിടിച്ചുകൊണ്ടുവന്ന് ഞങ്ങൾക്ക് അനുവദനീയമാക്കുന്നതായിരിക്കും.'

മദീനയിൽ ഈ കത്ത് ലഭിച്ചപ്പോൾ മുമ്പേതന്നെ മനസ്സിൽ ഇസ്‌ലാമിന്റെ കഠിനവിരോധികളായ അബ്ദുല്ലായും കൂട്ടുകാരും, അവരുടെ ഉള്ളിൽ നബി(സ)തിരുമേനിക്കെതിരിൽ, ഇസ്‌ലാമിനെതിരിൽ പക പഴുക്കുന്നുണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയുമായി യുദ്ധം ചെയ്യാനുള്ള തയ്യാറെടുപ്പുകൾ നടത്താൻ തുടങ്ങി. നബി(സ) തിരുമേനി ഈ വിവരം അറിഞ്ഞപ്പോൾ പെട്ടെന്ന് അവരുടെ അടുത്തുപോയി അവരെ കണ്ടു. അവർക്ക് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനും അയാളുടെ കൂട്ടാളികൾക്കും കാര്യങ്ങൾ മനസ്സിലാക്കിക്കൊടുത്തു. താനുമായി യുദ്ധം ചെയ്താൽ അത് നിങ്ങൾക്ക് നഷ്ടമുണ്ടാക്കുമെന്ന് നബി(സ)തിരുമേനി പറഞ്ഞു; നിങ്ങളുടെ സഹോദരങ്ങൾതന്നെയായിരിക്കും നിങ്ങൾക്കെതിരെ യുദ്ധം ചെയ്യുക. ഈ മുസ്‌ലിമായിട്ടുള്ളവർ നിങ്ങളുടെ തന്നെ ഗോത്രങ്ങളിൽപ്പെട്ടവരാണ്. നിങ്ങളുടെ നഗരത്തിലുള്ള ആളുകളാണ്. യുദ്ധമുണ്ടായാൽ ഇവർതന്നെയായിരിക്കും നിങ്ങൾക്കെതിരെ പോരാടുക. അതായത് ഔസിലേയും ഖസ്റജിലേയും മുസ്‌ലിമായിട്ടുള്ളവർ എന്തായാലും എന്നോടൊപ്പം നിൽക്കുന്നതായിരിക്കും. നബി(സ)തിരുമേനി അവരോടു ഇങ്ങനെയാണ് പറഞ്ഞത്. വീണ്ടും അവിടന്ന് പറഞ്ഞു: എന്നോടു യുദ്ധം ചെയ്യുക എന്നതിന്റെ അർഥം നിങ്ങൾ നിങ്ങളുടെതന്നെ സഹോദരങ്ങളോടും മക്കളോടും യുദ്ധം ചെയ്യുക എന്നാണ്. ഇനി ഇത് ശരിയാണോ എന്ന് നിങ്ങൾതന്നെ ആലോചിക്കുക. അബ്ദുല്ലായ്ക്കും അയാളുടെ കൂട്ടാളികൾക്കും ബുആഥ് യുദ്ധത്തിലുണ്ടായ നാശം ഓർമയുണ്ടായിരുന്നു. അവർ പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നവരാണ്. അതുമുഖേന വലിയ നാശമാണ് വ്യാപിച്ചത്. അവർക്ക് പരസ്പരം യുദ്ധം ചെയ്യേണ്ടി വരുമെന്ന കാര്യം ഓർമവന്നു. അങ്ങനെ അവർ അവരുടെ ഉദ്ദേശ്യത്തിൽനിന്ന് പിന്മാറി.

തങ്ങളുടെ പദ്ധതി പരാജയപ്പെട്ടുവെന്നറിഞ്ഞ ഖുറയ്ശികൾ പിന്നീട് സമാനമായ ഒരു കത്ത് മദീനയിലെ യഹൂദികൾക്കും അയക്കുകയുണ്ടായി. യഥാർഥത്തിൽ മക്കയിലെ അവിശ്വാസികളുടെ ഉദ്ദേശ്യം എങ്ങനെയെങ്കിലും ഇസ്‌ലമിനെ ഭൂമിലോകത്തുനിന്ന് ഉന്മൂലനം ചെയ്യുക എന്നതായിരുന്നു. ലോകത്തുനിന്ന് അതിന്റെ പേരുതന്നെ വിപാടനം ചെയ്യുക. മുസ്‌ലിമീങ്ങൾ അവരുടെ അക്രമങ്ങൾകൊണ്ട് പൊറുതിമുട്ടി ഹബ്ശയിലേക്ക് പോയി. ഹബ്ശയിലേക്കുള്ള ആദ്യത്തെ ഹിജ്റത്ത് ഉണ്ടായപ്പോൾ അവിശ്വാസികൾ അവരെ പിൻതുടർന്നു. ആദ്യദിവസംമുതൽതന്നെ എങ്ങനെയെങ്കിലും സത്ഹൃദയനായ നജ്ജാശി ആ പീഢിതരായ പാവത്തുങ്ങളെ മക്കക്കാർക്ക് ഏല്പിച്ചുകൊടക്കുവാനുള്ള ശ്രമങ്ങളാണ് അവർ നടത്തിയിരുന്നത്. പിന്നീട് നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ ഖുറയ്ശികൾ ആ മഹാത്മാവിനെ പിൻതുടർന്ന് അറസ്റ്റു ചെയ്യാനുള്ള ശ്രമങ്ങളും നടത്തി. ഒരു തന്ത്രവും വിട്ടുകളയാതെ മുഴുവൻ ശ്രമവും നടത്തി. എങ്ങനെയെങ്കിലും നബി(സ)തിരുമേനിയെ അല്ലെങ്കിൽ ഇസ്‌ലാമിനെ ലോകത്തുനിന്ന് തുടച്ചുനീക്കാനുള്ള എല്ലാവിധ ശ്രമങ്ങളുമാണ് അവർ നടത്തിയത്. നബി(സ)തിരുമേനിയും അവിടത്തെ സ്വഹാബത്തും മദീനയിലെത്തിയെന്നും അവിടെ ഇസ്‌ലാം ദ്രുതഗതിയിൽ വ്യാപിക്കുന്നുവെന്നും അവർ അറിഞ്ഞപ്പോൾ ഈ ഭീഷണിക്കത്തെഴുതിക്കൊണ്ട്, മദീനക്കാർ ആ മഹാത്മാവുമായി യുദ്ധം ചെയ്ത് ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുകയോ അല്ലെങ്കിൽ അദ്ദേഹത്തിന് അഭയം കൊടുത്തത് പിൻവലിച്ച് അദ്ദേഹത്തെ അവിടന്ന് പുറത്താക്കുകയോ ചെയ്യണമെന്ന് ആഹ്വാനം ചെയ്തു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) എഴുതുന്നു: ഖുറയ്ശികൾ എഴുതിയ ഭീഷണിക്കത്തിൽനിന്ന് അറേബ്യയിലെ ഈ പ്രാകൃത ആചാരവും മനസ്സിലാകുന്നുണ്ട്, അവർ തങ്ങളുടെ യുദ്ധങ്ങളിൽ തങ്ങളുടെ ശത്രുക്കളോടു ചെയ്തിരുന്നത്, അവരിലെ എല്ലാ പുരുഷന്മാരേയും അറുകൊല ചെയ്യുകയും അവരിലെ സ്ത്രീകളെയെല്ലാം പിടിച്ചുകൊണ്ടുപോയി തങ്ങൾക്ക് അവർ അനുവദനീയമാമാക്കുകയും ചെയ്തു. ഇപ്രകാരംതന്നെ മുസ്‌ലിമീങ്ങളെ സംബന്ധിച്ച് അവരുടെ തീരുമാനം അങ്ങേയറ്റം ഭയാനകമായിരുന്നു. എന്തുകൊണ്ടെന്നാൽ മുസ്‌ലിമീങ്ങൾക്ക് അഭയം നല്കിയവരെ ഇങ്ങനെ ശിക്ഷിക്കുമെന്ന് അവർ പറയുകയും പദ്ധതിയിടുകയും ചെയ്യുമ്പോൾ അതായത് നിങ്ങളിലെ പുരുഷന്മാരെ കൊല്ലുമെന്നും നിങ്ങളുടെ സ്ത്രകളെ തങ്ങൾക്ക് അനുവദനീയമാക്കുമെന്നും പറയുമ്പോൾ മുസ്‌ലിമീങ്ങൾക്കെതിരിൽ എത്ര കഠിനമായി നിലപാടായിരിക്കും അവർ എടുത്തിട്ടുണ്ടാകുക. എന്തായാലും മക്കയിലെ ഖുറയ്ശികളുടെ ഈ കത്ത് അവരുടെ താൽക്കാലികമായ ആവേശത്തിന്റെ ഫലമായിരുന്നില്ല. പ്രത്യുത എന്നെന്നേക്കുമായി മുസ്‌ലിമീങ്ങളെ സ്വസ്ഥതയോടെ ഇരിക്കാൻ വിടുകയില്ലെന്ന് തീരുമാനിച്ചുകഴിഞ്ഞതിന്റെ പ്രകടനമായിരുന്നു. അവരെ സമാധാനത്തോടെ ജീവിക്കാൻ വിടുകയില്ല. ഇസ്‌ലാമിനെ ലോകത്തുനിന്ന് വിപാടനം ചെയ്യുമെന്ന ഉറച്ച തീരുമാനമായിരുന്നു.

എഴുതുന്നു: മക്കക്കാരുടെ രക്തപങ്കിലമായ തീരുമാനങ്ങളെ കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്ന ഒരു ചരിത്രസംഭവമുണ്ട്. അതിപ്രകാരമാണ്. ഇതിനെക്കുറിച്ച് ബുഖാരിയിൽ നിവേദനം വരുന്നുണ്ട്. ഹിജ്റത്തിന് കുറച്ചു കാലത്തിനു ശേഷം ഔസ് ഗോത്രത്തിന്റെ ഏറ്റവും വലിയ

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

നേതാവും മുസ്‌ലിമായി കഴിഞ്ഞ വ്യക്തിയുമായ ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) ഉംറ ചെയ്യുന്നതിനുവേണ്ടി മക്കയിൽപോയി. തന്റെ ജാഹിലിയ്യ കാലഘട്ടത്തിലെ സ്നേഹിതൻ, പഴയകാലത്ത് ജാഹിലിയ്യ കാലഘട്ടത്തിൽ മക്കയിലെ നേതാവായ ഉമയ്യ ബിൻ ഖലഫ് അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നു. അദ്ദേഹം അയാളുടെ അടുത്തുപോയി നിന്നു. താൻ തനിച്ച് ഉംറ ചെയ്യുകയോ ത്വവാഫ് ചെയ്യുകയോ ചെയ്താൽ മക്കക്കാർ തന്നെ ശല്യപ്പെടുത്തുമെന്ന് അദ്ദേഹത്തിന്നറിയാമായിരുന്നു. അതുകൊണ്ട് ഫിത്നയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി 'താൻ കഅ്ബത്തുല്ലായെ ത്വവാഫ് ചെയ്യാനാഗ്രഹിക്കുന്നു' എന്ന് അദ്ദേഹം ഉമയ്യായോടു പറഞ്ഞു. താങ്കൾ എന്റെ കൂടെവന്ന് എന്നെക്കൊണ്ട് ത്വവാഫ് ചെയ്യിക്കുക. അങ്ങനെ ഈ പ്രവൃത്തി സമാധാനത്തോടെ പൂർത്തിയാക്കി ഞാൻ എന്റെ നാട്ടിലേക്ക് മടങ്ങട്ടെ.' അങ്ങനെ ഉമയ്യ ബിൻ ഖലഫ് സാധാരണ ആളുകൾ വീടുകളിൽ കഴിയുന്ന ഉച്ചനേരത്ത് സഅ്ദിനേയും കൂട്ടി കഅ്ബയുടെ അടുത്തെത്തി. പക്ഷേ, യാദൃച്ഛികമായി ആ നേരത്ത് അബൂജഹ്‌ലും അവിടെ വന്നു. അയാളുടെ ദൃഷ്ടി സഅ്ദിൽ പതിഞ്ഞതോടെ അയാളുടെ കണ്ണുകൾ ചെമന്നു. എന്നാൽ, തന്റെ കോപം അടക്കിപ്പിടിച്ച് അയാൾ ഉമയ്യായോടു ചോദിച്ചു, അബൂസ്വഫ്‌വാനേ! താങ്കളുടെ കൂടെയുള്ളതാരാണ്?' ഉമയ്യ പറഞ്ഞു: 'ഔസ് ഗോത്രത്തിന്റെ നേതാവ് സഅ്ദ് ബിൻ മുആദാണ്.' അതുകേട്ട് അബൂജഹ്ൽ കോപാകുലനായി സഅ്ദിനോടു പറഞ്ഞു: ആ മുർത്തദ്ദ്(നഊദുബില്ലാഹ്) മുഹമ്മദിന് അഭയം നല്കിയതിനുശേഷം നിങ്ങൾക്ക് സമാധാനത്തോടുകൂടി ത്വവാഫ് ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിങ്ങൾക്ക് അവനെ സംരക്ഷിക്കാനും സഹായിക്കാനും കഴിവുണ്ടെന്ന് നിങ്ങൾ ധരിക്കുന്നുണ്ടോ? പറഞ്ഞു: അല്ലാഹുവാണ! ഈ നേരത്ത് നിന്റെ കൂടെ അബൂസ്വഫ്‌വാൻ ഉണ്ടായിരുന്നില്ലെങ്കിൽ നീ നിന്റെ വീട്ടുകാരുടെ അടുക്കൽ രക്ഷപ്പെട്ടു പോകുമായിരുന്നില്ല.' സഅ്ദ് ബിൻ മുആദ് ഫിത്നയിൽനിന്ന് ഒഴിഞ്ഞുമാറിയിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഞരമ്പുകളിലും ഭരണാധികാരത്തിന്റെ രക്തമായിരുന്നു ഉണ്ടായിരുന്നത്. മനസ്സിൽ ഈമാനികമായ രോഷം അലയടിക്കുന്നുണ്ടായിരുന്നു. മേഘഗർജനംപോലെ പറഞ്ഞു: 'വല്ലാഹി! ഓർമിച്ചുകൊള്ളുക! കഅ്ബ ത്വാവാഫ് ചെയ്യുന്നതിൽനിന്ന് ഞങ്ങളെ നിങ്ങൾ തടഞ്ഞാൽ ശാമിലേക്കുള്ള മാർഗത്തിൽ നിങ്ങൾക്കും സമാധാനപൂർവം സഞ്ചരിക്കാനാകില്ല. ഞങ്ങളും വഴിയിലിരിക്കുകയാണ്. ഞങ്ങളും നിങ്ങൾക്കെതിരിൽ ഒരുപാട് ചെയ്യുന്നതായിരിക്കും.' ഉമയ്യ അദ്ദേഹം പറഞ്ഞതു കേൾക്കുകയും അദ്ദേഹത്തിന്റെ കോപം കാണുകയും ചെയ്തപ്പോൾ പറഞ്ഞു: 'സഅ്ദേ! മക്കയിലെ താഴ്‌വരവാസികളുടെ നേതാവായ അബുൽഹിക്മനെതിരിൽ ഇങ്ങനെ ശബ്ദം ഉയർത്താതിരിക്കുക.' സഅ്ദും ദ്വേഷത്തിലായിരുന്നു. അയാളുടെ ഈ വാക്കുകേട്ട് ഉമയ്യായോടു പറഞ്ഞു: 'പോട്ടെ ഉമയ്യാ! താങ്കൾ ഇക്കാര്യത്തിൽ ഇടപെടണ്ട. വല്ലാഹി! നീ ഒരു ദിവസം മുസ്‌ലിമീങ്ങളുടെ കൈയാൽ വധിക്കപ്പെടുമെന്ന നബി(സ) തിരുമേനിയുടെ പ്രവചനം ഞാൻ മറന്നിട്ടില്ല.' അതായത് ഉമയ്യാ മുസ്‌ലിമീങ്ങളുടെ കൈയാൽ വധിക്കപ്പെടുന്നതായിരിക്കും. ഈ വാക്കുകൾ കേട്ട് ഉമയ്യ ബിൻ ഖലഫ് വളരെ പരിഭ്രമിച്ചു. വീട്ടിൽ വന്ന് തന്റെ ഭാര്യയെ സഅ്ദ് പറഞ്ഞ കാര്യം അറിയിച്ചു. അയാൾ പറഞ്ഞു: അല്ലാഹുവാണ! ഞാൻ ഇനി മുസ്‌ലിമീങ്ങൾക്കെതിരിൽ മക്കയിൽനിന്ന് പോകുകയില്ല. കാരണം നബി(സ)തിരുമേനിയുടെ പ്രവചനം പുലരുമെന്ന് അയാൾക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. എപ്പോഴും അയാൾ അത് കണ്ടിട്ടുള്ളതാണ്. അപ്പോൾപ്പിന്നെ തന്നെ കുറിച്ചുള്ള പ്രവചനവും പുലരുന്നതായിരിക്കും! പക്ഷേ, നിയതിനിയമം പൂർത്തിയാകേണ്ടതുണ്ടായിരുന്നു. ബദ്റിന്റെ അവസരത്തിൽ ഉമയ്യാക്ക് മക്കയിൽനിന്ന് പുറപ്പെടേണ്ട നിർബന്ധ ഘട്ടമെത്തി. അവിടെ മുസ്‌ലിമീങ്ങളുടെ കൈയാൽ വധിക്കപ്പെട്ട് തന്റെ ചെയ്തിയുടെ ഫലം അനുഭവിച്ചു. ബിലാലിനുമേൽ ക്രൂരമായ അക്രമം ചെയ്യാറുണ്ടായിരുന്ന അതേ ഉമയ്യ തന്നെയാണ് ഇത്. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ) പേജ് 280-282)

സ്വഹീഹ് ബുഖാരിയിലെ ഒരു ഹദീഥിൽ ഇങ്ങനെ പ്രതിപാദിച്ചു കാണാം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ) ഉംറ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പോയി. ഹദ്റത്ത് അബ്ദുല്ലാഹ് പറയുന്നു: അദ്ദേഹം ഉമയ്യ ബിൻ ഖലഫ് അബൂസ്സഫ്‌വാന്റെ അടുത്ത് ഇറങ്ങി. അദ്ദേഹമാണ് ഇതു നിവേദനം ചെയ്തത്, അയാളുടെ അടുത്തിറങ്ങി. പഴയ പരിചയമുണ്ടായിരുന്നു. ഉമയ്യ, ഹദ്റത്ത് സഅ്ദിന്റെ അടുക്കൽ മദീനയിൽ വന്ന് താമസിക്കാറുണ്ടായിരുന്നു. അദ്ദേഹം ഉംറ ചെയ്യാൻ തീരുമാനിച്ചപ്പോൾ സമാധാനപരമായി ഉംറ ചെയ്യാൻ അയാളുടെ അടുത്ത് താമസിക്കാമെന്നാണ് വിചാരിച്ചത്. ഉമയ്യാ ശാമിലേക്ക് പോകുമ്പോൾ മദീനയിലൂടെ പോകുക എന്നത് അയാളുടെ ശീലമായിരുന്നു. ഹദ്റത്ത് സഅ്ദിന്റെ അടുക്കലായിരുന്നു താമസിച്ചിരുന്നത്. ഞാൻ പറഞ്ഞതുപോലെ പഴയ പരിചയമുണ്ടായിരുന്നു. അയാൾ അദ്ദേഹത്തിന്റെ അടുത്ത് മദീനയിൽ താമസിക്കാറുണ്ടായിരുന്നു. അതുകൊണ്ട് സഅ്ദും അയാളോടൊപ്പം താമസിക്കാമെന്ന് കരുതി. തനിക്ക് ഉംറ ചെയ്യണമെന്ന് പറഞ്ഞപ്പോൾ ഉമയ്യ, ഹദ്റത്ത് സഅ്ദിനോടു പറഞ്ഞു: ഇപ്പോൾ കാത്തിരിക്കുക. ഉച്ചയാകുമ്പോൾ ആളുകൾ അശ്രദ്ധയിലാകുന്ന നേരത്ത് ത്വവാഫ് ചെയ്തുകൊള്ളുക. നിവേദകൻ പറയുന്നു: അങ്ങനെ ഹദ്റത്ത് സഅ്ദ് ത്വവാഫ് ചെയ്തുകൊണ്ടിരിക്കുമ്പോൾ അബൂ ജഹ്‌ലിനെ കണ്ടു. അബൂജഹ്ൽ അതിന്നിടയിൽ വന്നു. അയാൾ ചോദിച്ചു, ഈ ത്വവാഫ് ചെയ്തുകൊണ്ടിരിക്കുന്നതാരാണ്? ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, ഞാൻ സഅ്ദാണ്. സ്വയം മറുപടിനല്കി താൻ സഅ്ദാണെന്ന്. അബൂ ജഹ്ൽ ചോദിച്ചു. താങ്കൾക്ക് സമാധാനത്തോടെ ഉംറ ചെയ്യാൻ സാധിക്കുമോ? വാസ്തവത്തിൽ താങ്കൾ മുഹമ്മദിനും(സ) കൂട്ടാളികൾക്കും അഭയം നല്കിയിരിക്കുകയാണ്. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: ചെയ്യാൻ കഴിയും. അപ്പോൾ അവർ പരസ്പരം ചീത്ത വിളിക്കാൻ തുടങ്ങി. നിവേദകൻ പറയുന്നു, ഉമയ്യ ഹദ്റത്ത് സഅ്ദിനോടു പറഞ്ഞു, അബുൽഹിക്മിനുമേൽ താങ്കളുടെ ശബ്ദം ഉയർത്താതിരിക്കുക. കാരണം അദ്ദേഹം താഴ്‌വരവാസികളുടെ നേതാവാണ്. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, അതായത് അബൂജഹ്‌ലിനോടു പറഞ്ഞു: 'അല്ലാഹുവാണ! താങ്കൾ എന്നെ ബയ്ത്തുല്ലായെ ത്വവാഫ് ചെയ്യുന്നതിൽനിന്ന് തടഞ്ഞാൽ ഞാനും നിങ്ങളുടെ കച്ചവടം നിറുത്തിക്കുന്നതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുന്നു, ഇതുകേട്ട് ഉമയ്യ ഹദ്റത്ത് സഅ്ദ്(റ)നോടു ഉറക്കെ സംസാരിക്കരുതെന്ന് പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തെ തടഞ്ഞുകൊണ്ടിരുന്നു. ഹദ്റത്ത് സഅ്ദ്(റ) കോപാകുലനായി. അദ്ദേഹം പറഞ്ഞു: ഞങ്ങളെ ഇക്കാര്യത്തിൽ വിട്ടേക്കുക. ഞാനും അബൂജഹ്‌ലുമാണ് സംസാരിക്കുന്നത്. ഞങ്ങളെ സംസാരിക്കാൻ വിടുക. എന്നിട്ട് ഉമയ്യായോടു പറഞ്ഞു, ഞാൻ നബി(സ)തിരുമേനിയിൽനിന്ന് കേട്ടിട്ടുണ്ട്, അവിടന്ന് പറയാറുണ്ടായിരുന്നു, ഉമയ്യായെ ഇയാൾ വധിക്കുന്നതാണെന്ന്. അതായത് അബൂജഹ്ൽ. അതായത് ഇയാൾതന്നെ താങ്കളുടെ വധത്തിന് കാരണക്കാരനാകും. ഉമയ്യ ചോദിച്ചു: എന്നെയോ? ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, അതേ! ഇതുകേട്ട് ഉമയ്യ പറഞ്ഞു: അല്ലാഹുവാണ! മുഹമ്മദ് സംസാരിക്കുമ്പോൾ സത്യംമാത്രമേ പറയാറുള്ളൂ. അവസാനം അയാൾ തന്റെ ഭാര്യയുടെ അടുത്തുവന്നു ചോദിച്ചു, എന്റെ യഥ്‌രിബ് കാരനായ സഹോദരൻ എന്താണ് എന്നോടു പറഞ്ഞതെന്ന് നിനക്കറിയുമോ? അവർ ചോദിച്ചു: എന്താണ് പറഞ്ഞത്? ഉമയ്യാ പറഞ്ഞു, അബൂജഹ്ൽ തന്നെയായിരിക്കും എന്റെ ഘാതകനെന്ന് മുഹമ്മദ്(സ) പറഞ്ഞത് അദ്ദേഹം കേട്ടുവെന്ന് എന്നോടു പറഞ്ഞിരിക്കുന്നു. അയാളുടെ ഭാര്യ പറഞ്ഞു, 'അല്ലാഹുവാണ! മുഹമ്മദ് കളവായ കാര്യങ്ങൾ പറയാറില്ല.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) പറയുകയാണ്, താൻ ബദ്റിലേക്ക് പോകുകയും സഹായത്തിനായി ആവലാതിക്കാരൻ വരികയും ചെയ്തപ്പോൾ ഉമയ്യായുടെ ഭാര്യ അയാളോടു പറഞ്ഞു, താങ്കളുടെ യഥ്‌രിബുകാരനായ സഹോദരൻ താങ്കളോടു പറഞ്ഞ അക്കാര്യം ഓർമയില്ലേ? ബദ്റിലേക്ക് പോകുമ്പോൾ അത് ഓർമപ്പെടുത്തി. താങ്കൾ പോകുകയാണ്, പക്ഷേ ഇക്കാര്യം ഓർമ വെക്കണം. പറയുന്നു, പോകാതിരിക്കാനാണ് അയാൾ ആഗ്രഹിച്ചത്. അതായത് ഉമയ്യ. എന്നാൽ അബൂജഹ്ൽ അയാളോടു പറഞ്ഞു, താങ്കൾ ഈ താഴ്‌വരയിലെ നേതാക്കന്മാരിൽപ്പെട്ടയാളാണ്. അതിനാൽ ഒന്നു രണ്ടു ദിവസത്തിന് കൂടെപ്പോകുക. അങ്ങനെ അയാൾ രണ്ടുദിവസത്തേക്ക് അവരോടൊപ്പം പോയി. അല്ലാഹു അയാളെ കൊല്ലിച്ചു.(സ്വഹീഹ് ബുഖാരി, കിതാബുൽമനാഖിബ്, ഹദീഥ് 3632)

മറ്റൊരു നിവേദനത്തിൽ ഉമയ്യ ബിൻ ഖലഫ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതും വധിക്കപ്പെട്ടതും ഇങ്ങനെ വന്നിരിക്കുന്നു. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, ഉമയ്യാ! അല്ലാഹുവാണ! സ്വഹാബത്ത് താങ്കളെ കൊന്നിടുമെന്ന് നബി(സ)തിരുമേനിയിൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്. അയാൾ ചോദിച്ചു, മക്കയിലോ? ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു, അതെനിക്കറിയുകയില്ല. ഹദ്റത്ത് സഅ്ദ്(റ)ന്റെ വാക്കുകേട്ട് ഉമയ്യ വല്ലാതെ ഭയന്നു. ഉമയ്യ വീട്ടിൽ ചെന്നപ്പോൾ തന്റെ ഭാര്യ സ്വഫിയ്യ അല്ലെങ്കിൽ കരീമ ബിൻത് മുഅ്മറിനോടു പറഞ്ഞു, ഉമ്മു സ്വഫ്‌വാനേ! സഅ്ദ് എന്നെ കുറി ച്ച് പറഞ്ഞ കാര്യം നീ കേട്ടോ? ഭാര്യ പറഞ്ഞു: എന്താണ്, സഅ്ദെന്താണ് പറഞ്ഞത്? അപ്പോൾ ഉമയ്യ പറഞ്ഞു, അവർ എന്നെ വധിക്കുമെന്ന് മുഹമ്മദ്(സ) അയാളോടു പറഞ്ഞിരിക്കുന്നു. മക്കയിലാണോ എന്ന് ഞാൻ ചോദിച്ചു. തനിക്കറിയില്ലെന്ന് സഅ്ദ് പറഞ്ഞു. പിന്നീട് ഉമയ്യ പറഞ്ഞു, 'അല്ലാഹുവാണ ഞാൻ മക്കയിൽനിന്ന് ഇറങ്ങുകയേയില്ല.' അത്രമാത്രം അയാൾ ഭയന്നുപോയി. ബദ്ർ യുദ്ധമുണ്ടായപ്പോൾ അബൂ ജഹ്ൽ ആളുകളോടു യുദ്ധത്തിന് പുറപ്പെടാൻ പറഞ്ഞു. താങ്കളുടെ ഖാഫിലയെ രക്ഷിക്കാൻ എത്തണമെന്ന് ഉമയ്യായോടും പറഞ്ഞു. ഉമയ്യ പുറപ്പെടാൻ ഇഷ്ടപ്പെട്ടില്ല. അബൂജഹ്ൽ ഉമയ്യായുടെ അടുത്തു വന്നു. താനയച്ച ദൂതരെ നിഷേധിച്ചപ്പോൾ അബൂജഹ്ൽ നേരിട്ടു വന്നു പറഞ്ഞു: 'അബൂ സ്വഫ്‌വാനേ! താഴ്‌വരയിലെ നേതാവായ താങ്കൾ വരാതെ പിന്നിൽ നില്ക്കുന്നതു കാണുമ്പോൾ അവരും താങ്കളോടൊപ്പം പിന്നിലേക്ക് മാറിക്കളയുന്നതായിരിക്കും. അബൂ

ജഹ്ൽ അയാൾക്ക് മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരുന്നു. അവസാനം ഉമയ്യ പറഞ്ഞു: താങ്കൾ എന്നെ നിർബന്ധിച്ചേ അടങ്ങുവെന്നാണെങ്കിൽ അല്ലാഹുവാണ! ഞാൻ മക്കയിൽനിന്ന് അങ്ങേയറ്റം ഭംഗിയുള്ള ഒട്ടകം വാങ്ങുന്നതായിരിക്കും. അതിനുശേഷം ഉമയ്യ പറഞ്ഞു, ഉമ്മു സ്വഫ്‌വാൻ! എനിക്ക് യാത്രക്കുള്ള സൗകര്യങ്ങളൊരുക്കുക. തന്റെ ഭാര്യയോടു പറഞ്ഞപ്പോൾ അവർ പറഞ്ഞു, താങ്കളുടെ യഥ്‌രിബുകാരനായ സഹോദരൻ താങ്കളോടു പറഞ്ഞ കാര്യം താങ്കൾ മറുന്നുപോയോ? ഉമയ്യ പറഞ്ഞു: ഇല്ല. ഞാൻ മറന്നിട്ടില്ല. ഞാൻ അല്പം അവരോടൊപ്പം പോകുകയാണ്. പെട്ടെന്നു തിരിച്ചു വരുന്നതായിരിക്കും. അവസാനംവരെ പോകുകയില്ല. അങ്ങനെ ഉമയ്യ പുറപ്പെട്ടപ്പോൾ ഏതൊരു സ്ഥലത്ത് അയാൾ ഇറങ്ങിയാലും അവിടെ തന്റെ ഒട്ടകത്തിന്റെ കാല്മുട്ടു കെട്ടിയിടുമായിരുന്നു. അയാളിങ്ങനെ സൂക്ഷ്മത പാലിച്ചുകൊണ്ടിരുന്നുവെങ്കിലും അവസാനം അല്ലാഹു ബദ്‌റിൽ അയാളെ നശിപ്പിച്ചു.(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 3950)

ഈ വധത്തെ സംബന്ധിച്ച് മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഹദ്‌റത്ത് അബ്ദുർറഹ്‌മാൻ ബിൻ ഔഫിന്റെ സംഭവം വിവരിച്ചപ്പോഴും പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്‌റത്ത് ബിലാൽ അൻസ്വാറിനെ വിളിച്ച് അയാൾ ബിലാലിനോടു ചെയ്ത ദ്രോഹപ്രവർത്തനങ്ങൾ കാരണത്താൽ കൊല്ലിക്കുകയായിരുന്നു.

സഅ്ദ് ബിൻ മുആദിനെക്കുറിച്ച് ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു; മദീനയിലെ ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന സഅ്ദ് ബിൻ മുആദ് ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുന്നതിനായി മക്കയിലെത്തി. അപ്പോൾ അദ്ദേഹത്തെ കണ്ട അബൂജഹ്ൽ കോപാകുലനായിക്കൊണ്ടു പറഞ്ഞു: ആ മതപരിത്യാഗിയായ(നഊദുബില്ലാഹ്) മുഹമ്മദ്(സ)ന് അഭയം നൽകിക്കൊണ്ട് താങ്കൾക്ക് സ്വസ്ഥമായി കഅ്ബ ത്വവാഫ് ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നുണ്ടോ? നിങ്ങൾക്ക് അയാളെ (നബി തിരുമേനിയെ) സംരക്ഷിക്കുവാനും സഹായിക്കുവാനുമുള്ള ശക്തിയുണ്ടെന്നാണോ നിങ്ങൾ കരുതുന്നത്? ഈ സമയത്ത് നിന്റെ കൂടെ അബൂസ്വഫ്‌വാൻ ഇല്ലായിരുന്നുവെങ്കിൽ നീയൊരിക്കലും വീട്ടിലേക്ക് തിരിച്ചുപോകില്ലായിരുന്നു.' അപ്പോൾ സഅ്ദ് ബിൻ മുആദ് പറഞ്ഞു: അല്ലാഹുവാണ! കഅ്ബ ത്വവാഫ് ചെയ്യുന്നതിൽനിന്ന് ഞങ്ങളെ നിങ്ങൾ തടഞ്ഞാൽ ശാമിലേക്കുള്ള വഴിയിൽ നിങ്ങൾക്കും സമാധാനപൂർവം സഞ്ചരിക്കാനാകില്ല.'(ദീബാച്ച തഫ്‌സീറുൽഖുർആൻ, അൻവാറുൽ ഉലൂം, വാള്യം 20 പേജ് 235–236)

ഹദ്‌റത്ത് സഅ്ദ് ബിൻ മുആദ്(റ) ബദ്‌ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിൽ നബി(സ)തിരുമേനിയുടെ കൂടെ പങ്കെടുത്തു. ബദ്‌ർ യുദ്ധദിവസം ഔസിന്റെ പതാക അദ്ദേഹത്തിന്റെ കൈകളിലായിരുന്നു.(അത്ത്വബഖാത്തിൽകുബ്‌റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 321–322, സഅ്ദ് ബിൻ മുആദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ബദ്‌ർ യുദ്ധസമയത്ത് നബി(സ)തിരുമേനിക്ക് അദ്ദേഹം നൽകിയ അഭിപ്രായത്തിൽനിന്ന് ഹദ്‌റത്ത് സഅ്ദ് ബിൻ മുആദിന്റെ വികാരാവേശങ്ങളും നബി(സ)തിരുമേനിയോടുള്ള സ്നേഹവും അർപണബോധവും വ്യക്തമാകുന്നു. ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ) എഴുതുന്നു: മുസ്‌ലിമീങ്ങൾ സ്വഫ്‌റാ താഴ്‌വരയിൽ–ബദ്‌റിനും മദീനയ്ക്കുമിടയിലുള്ള ഒരു താഴ്‌വരയുടെ പേരാണ് സ്വഫ്‌റാ. അവിടെ വെച്ചാണ് നബി(സ)തിരുമേനി ബദ്‌റിൽനിന്നു ലഭിച്ച ഗനീമത്തുമുതൽ മുസ്‌ലിമീങ്ങളിൽ സമമായി വീതിച്ചത്. ഈ താഴ്‌വരയിൽ ഈന്തപ്പനകളും കൃഷിയും ധാരാളമായുണ്ടാകുന്നു. അതിനും ബദ്‌റിനുമിടയിൽ ഒരു ദിവസത്തെ ദൂരമെയുള്ളു–എന്തായാലും ആ താഴ്‌വരയുടെ ഒരു വശത്തൂടെ കടന്ന് സ്വഫ്‌റാനിലെത്തി. ഇതും ബദ്‌റിൽനിന്ന് ഒരു ദിവസത്തെ യാത്രാദൂരത്താണ്. അവിടെ എത്തിയപ്പോൾ ഖാഫിലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഖുറയ്ശികളുടെ ഒരു വൻപട മക്കയിൽനിന്ന് വരുന്നുവെന്ന അറിയിപ്പുകിട്ടി. ആദ്യമെ ഉണ്ടായിരുന്ന കച്ചവട സംഘത്തെ സഹായിക്കാൻ ഒരു വൻപട വരുന്നു. മദീനക്കാർ അവരുടെമേൽ ആക്രമണം നടത്തുമെന്ന് അവർക്ക് സംശയമുണ്ടായിരുന്നു. ഇപ്പോൾ എന്തായാലും രഹസ്യം മറച്ചുവെക്കേണ്ട അവസരം കഴിഞ്ഞിരിക്കുന്നു. കാര്യം പ്രത്യക്ഷമായി. നബി(സ)തിരുമേനി സ്വഹാബാക്കളെയെല്ലാം ഒരുമിച്ചുകൂട്ടി മക്കയിലെ സത്യനിഷേധികളുടെ സൈന്യത്തെക്കുറിച്ച് വിവരം നൽകുകയും ഇനിയെന്താണു ചെയ്യേണ്ടതെന്ന് അഭിപ്രായം ആരായുകയും ചെയ്തു. ചില സ്വഹാബാക്കൾ പറഞ്ഞു നമുക്ക് ചെറുസംഘത്തോട് ഏറ്റുമുട്ടാം. വലിയ സൈന്യത്തോട് ഏറ്റുമുട്ടുവാനുള്ള തയ്യാറെടുപ്പ് നമുക്കില്ല. എന്നാൽ, ആ അഭിപ്രായം നബി(സ)തിരുമേനിക്ക് ഇഷ്ടമായില്ല. ഇതു കേട്ടപ്പോൾ മറുവശത്തു നിന്ന് മുതിർന്ന സ്വാഹാബാക്കൾ എഴുന്നേറ്റു നിന്നുകൊണ്ട് വികാരഭരിതമായ പ്രഭാഷണങ്ങൾ നടത്തി. ഞങ്ങളുടെ ജീവനും സ്വത്തും എല്ലാം അല്ലാഹുവിന്റേതാണ്. ഞങ്ങൾ എവിടെവച്ചും ഏതു സേവനത്തിനും തയ്യാറാണ്. മിഖ്ദാദ് ബിൻ അംറ് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ "നീയും നിന്റെ ദൈവവും പോയി യുദ്ധം ചെയ്യുക, ഞങ്ങളിവിടെ ഇരിക്കാം" എന്നു പറഞ്ഞ മൂസാ നബിയുടെ അനുയായികളെപ്പോലെയല്ല ഞങ്ങൾ. ഞങ്ങൾ പറയുന്നതിതാണ്; അങ്ങ് ഞങ്ങളെ എവിടേക്ക് നയിച്ചാലും അങ്ങയുടെ കൂടെ ഞങ്ങളുണ്ടാകും. ഞങ്ങൾ താങ്കളുടെ ഇടത്തും വലത്തും മുൻപിലും പിമ്പിലും നിന്നുകൊണ്ട് പൊരുതുന്നതാണ്." ഇതു കേട്ടതോടെ നബി(സ)തിരുമേനിയുടെ തിരുമുഖം സന്തോഷത്താൽ തിളങ്ങി. എന്നാൽ, അപ്പോഴും അവിടന്ന് അൻസ്വാറിന്റെ ഭാഗത്തുനിന്നുള്ള മറുപടി പ്രതീക്ഷിക്കുകയായിരുന്നു. ഈ വാക്കുകൾ ഒരു അൻസ്വാർ നേതാവിൽ നിന്ന് കേൾക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് അവിടന്ന് വീണ്ടും വീണ്ടും അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. ഔസ് ഗോത്രത്തിന്റെ നേതാവായിരുന്ന ഹദ്‌റത്ത് സഅ്ദ് ബിൻ മുആദിന് നബി(സ)തിരുമേനിയുടെ ആഗ്രഹം മനസ്സിലായി. ശേഷം അൻസ്വാറിന്റെ ഭാഗത്തുനിന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്! താങ്കൾ ഞങ്ങളിൽ നിന്നുള്ള അഭിപ്രായമാണ് ആവശ്യപ്പെടുന്നതെന്ന് തോന്നുന്നു. അല്ലാഹുവാണ! ഞങ്ങൾ താങ്കളെ സത്യവാനെന്നു മനസ്സിലാക്കി വിശ്വസിക്കുകയും ഞങ്ങളുടെ കൈകൾ താങ്കളുടെ കൈകളിലേൽപിക്കുകയും ചെയ്തിരിക്കെ താങ്കൾ ഞങ്ങളെ എവിടേക്കു നയിച്ചാലും ഞങ്ങൾ താങ്കളുടെ കൂടെ വരുന്നതാണ്. താങ്കളെ സത്യവാനായി അയച്ച അല്ലാഹുവാണ! സമുദ്രത്തിൽ ചാടാൻ ഞങ്ങളോടാവശ്യപ്പെടുകയാണെങ്കിൽ ഞങ്ങൾ സമുദ്രത്തിലേക്ക് എടുത്തു ചാടുന്നതാണ്. ഞങ്ങളിൽനിന്നാരും തന്നെ പിന്തിരിയുകയില്ല. യുദ്ധത്തിൽ സഹനം കൈക്കൊള്ളുന്നവരായി ഞങ്ങളെ കാണുന്നതാണ്. താങ്കൾക്ക് കണ്ണിനു കുളിർമ നൽകുന്ന പ്രവൃത്തികൾ ഞങ്ങളിൽ നിന്നും കാണാവുന്നതാണ് ഇൻശാഅല്ലാഹ്.' ഈ പ്രസംഗം കേട്ടപ്പോൾ നബി(സ)തിരുമേനിക്ക് വളരെ സന്തോഷമായി. ശേഷം പറഞ്ഞു; 'അല്ലാഹുവിന്റെ നാമത്തിൽ മുന്നോട്ടു നീങ്ങുക. എന്തെന്നാൽ സത്യനിഷേധികളുടെ ചെറു സംഘത്തിന്റെയോ സൈന്യത്തിന്റെയോ ഏതെങ്കിലുമൊരു കൂട്ടരുടെമേൽ നമുക്ക് തീർച്ചയായും വിജയം നൽകുന്നതാണെന്ന് അല്ലാഹു വാഗ്ദാനം നൽകിയിരിക്കുന്നു. ശത്രുപക്ഷത്തെ ആളുകൾ മരിച്ചുവീഴുന്ന ഇടങ്ങൾ ഞാനിപ്പോൾ കാണുന്നു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ (റ) പേജ് 354–355)(ഫർഹങ്കെ സീറത്ത്, പേജ് 173, സവാർ അക്കാഡമി കറാച്ചി 2003)

അദ്ദേഹത്തിന്റെ പരാമർശം തുടരുകയാണ്. ബാക്കി ഇൻശാ അല്ലാഹ് അടുത്ത ഖുത്‌ബയിൽ വിവരിക്കുന്നതാണ്.

## മതപരിത്യാഗികൾക്കു മാപ്പ്

അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹും നബി(സ)യ്ക്കുണ്ടാകുന്ന വെളിപാടുകൾ എഴുതുന്ന ആളുകളിൽപെട്ടയാളായിരുന്നു. അയാൾ ദൈവികവചനത്തിൽ മാറ്റത്തിരുത്തലുകളും വഞ്ചനയും നടത്തി എന്ന കുറ്റത്തിന് വിധേയനായി. അയാളുടെ ആ കളവ് പിടിക്കപ്പെട്ടപ്പോൾ ധിക്കാരവും മതത്യാഗവും സ്വീകരിച്ച് മുസ്‌ലിമീങ്ങളുടെ ശത്രുക്കളായ മക്കയിലെ ഖുറയ്ശികളോടൊപ്പം പോയിച്ചേർന്നു. അവിടെച്ചെന്നിട്ട് തന്റെ കുറ്റം തുറന്നനിലയിൽ അയാൾ പ്രചരിപ്പിച്ചു. താൻ പറഞ്ഞതുപോലെയാണ് വെളിപാടുണ്ടാക്കി എഴുതിയിരുന്നതെന്ന് അയാൾ പറഞ്ഞുനടന്നു. അയാളുടെ ധിക്കാരപരമായ നടപടി കാരണം അയാൾ വധാർഹനാണെന്ന് വിധിക്കപ്പെട്ടു. 'അല്ലാഹുവിന്റേയും റസൂലിന്റേയും ആ ശത്രുവിനെ തങ്ങൾ വധിക്കു'മെന്ന് ചില മുസ്‌ലിമീങ്ങൾ തീരുമാനിച്ചു. എന്നാൽ, ഇയാൾ തന്റെ മുലകുടി സഹോദരനായ ഹദ്‌റത്ത് ഉഥ്‌മാൻ ഗനി(റ)യുടെ അഭയത്തിൽ വന്ന് മാപ്പു ചോദിച്ചു. നബി(സ) ആദ്യം അത് നിഷേധിച്ചു. എന്നാൽ, ഹദ്‌റത്ത് ഉഥ്‌മാൻ(റ) ആവർത്തിച്ചാവർത്തിച്ച് അപേക്ഷിക്കുകയും, താൻ അയാൾക്ക് അഭയം വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് പറയുകയും ചെയ്തപ്പോൾ നബി(സ) അയാൾക്ക് മാപ്പ് കൊടുത്തു. അയാളുടെ ബയ്അത്ത് സ്വീകരിക്കുകയും ചെയ്തു.

പിന്നീട് നബി(സ) തന്റെ സ്വഹാബിമാരോട് (അവരിൽ അബ്ദുല്ലായെ വധിക്കുമെന്ന് തീരുമാനമെടുത്ത സ്വഹാബിമാരുമുണ്ടായിരുന്നു) ചോദിച്ചു: "മാപ്പും അനുസരണപ്രതിജ്ഞയും ഞാൻ സ്വീകരിക്കാതിരുന്നപ്പോൾ അയാളെ വധിച്ച് എന്തുകൊണ്ട് നിങ്ങൾ നിങ്ങളുടെ തീരുമാനം പൂർത്തിയാക്കിയില്ല? എടുത്ത തീരുമാനം പൂർത്തിയാക്കുക എന്നത് അല്ലാഹുവിനോടുള്ള കടമയല്ലേ." സ്വഹാബിമാർ പറഞ്ഞു: 'അങ്ങയോടുള്ള മര്യാദയാണ് ഞങ്ങൾക്ക് അതിന് തടസ്സമായത്. അങ്ങ് ഞങ്ങൾക്ക് ചെറിയ സൂചന നല്കിയിരുന്നുവെങ്കിൽ തീരുമാനം പൂർത്തിയാക്കുന്നതിൽ ഞങ്ങൾക്ക് ഒരു തടസ്സവുമുണ്ടാകുമായിരുന്നില്ല.' നബി(സ) അതിന് എത്ര മനോഹരമായ മറുപടിയാണ് നല്കിയത് ! ആ മഹാത്മാവ് പറഞ്ഞു: 'കണ്ണിന്റെ രഹസ്യമായ സൂചനകൊണ്ടുള്ള ചതിയും നബിയുടെ തേജോവിലാസത്തിൽനിന്ന് വിദൂരത്താണ്.' ഇപ്രകാരം പരിശുദ്ധ ഖുർആനിൽ വഞ്ചന നടത്തി കുറ്റം ചെയ്ത ആ കുറ്റവാളിയേയും മൗനാനുവാദത്തോടെ വധിക്കാൻ നബിതിരുമേനി അനുവദിച്ചില്ല. ഈ പാഠം തന്റെ അനുചരന്മാർക്ക് നല്കാനാകാം നബി(സ)തിരുമേനി അവരോട് ആ ചോദ്യം ചോദിച്ചത്. വിശ്വസ്തനായ ആ ദൈവദൂതന്റെ തീരുമാനം എപ്പോഴും 'ഒരു മുസ്‌ലിംസ്ത്രീപോലും അഭയം നല്കിയ വ്യക്തിയെ തന്റെ അഭയത്തിൽ ഉൾപ്പെടുത്തുക' എന്നതായിരുന്നു. സംഭവം ഇങ്ങനെയിരിക്കെ ഹദ്‌റത്ത് ഉഥ്‌മാനെ പോലുള്ള പ്രതാപിയായ സ്വഹാബിയുടെ അഭയവാഗ്ദാനം ഉണ്ടായിട്ടും നബി(സ)യുടെ സാന്നിധ്യത്തിൽവെച്ച് ആ മഹാത്മാവിന്റെ വ്യക്തമായ തീരുമാനത്തിന്നെതിരെ അത്തരം നടപടി സ്വീകരിക്കാൻ ആർക്കാണ് ധൈര്യമുണ്ടാവുക.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2019 ജൂലായ് 05 വെള്ളിയാഴ്ച:

(തുടർച്ച....)ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 4.15 ന് പുരുഷന്മാരുടെ ജൽസാഗാഹിലെത്തുകയും സുബ്ഹി നമസ്കരിപ്പിക്കുകയും ചെയ്തു. നമസ്കാരത്തിനുശേഷം താമസസ്ഥലത്തേക്ക് മടങ്ങി ഓഫീസുകാര്യങ്ങളിൽ വ്യാപൃതനായി.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് ജർമനിയുടെ 44–ാമത് ജൽസാസാലാനയുടെ തുടക്കം കുറിക്കുകയായിരുന്നു. ഇന്നായിരുന്നു ജൽസസാലാനയുടെ ആദ്യ ദിവസം. പരിപാടിയനുസരിച്ച് ഉച്ച കഴിഞ്ഞ് 1.55ന് ഹുദൂർ പതാക ഉയർത്തുന്നതിനു വേണ്ടി ജൽസാഗാഹിലെ നാലുഹാളുകൾക്കുമിടയിലുള്ള തുറന്ന സ്ഥലത്ത് വന്നു. ഹുദൂർ പതാക ഉയർത്തി. അമീർ സാഹിബ് ജർമനി, ജർമനിയുടെ ദേശീയ പതാകയും ഉയർത്തി. ഹുദൂർ തുടർന്ന് ദുആയ്ക്ക് നേതൃത്വം നല്കി.

എം.ടി.എ ഇന്റർനാഷണലിന്റെ സംപ്രേഷണം ജൽസാഗാഹിൽനിന്ന് രാവിലെതന്നെ ആരംഭിച്ചു കഴിഞ്ഞിരുന്നു. പതാകഉയർത്തൽ പരിപാടിയും ലോകം മുഴുവൻ സംപ്രേഷണം ചെയ്യപ്പെട്ടു. അതുകഴിഞ്ഞ് ഹുദൂർ അയ്യദഹുല്ലാഹ് പുരുഷന്മാരുടെ ജൽസാഗാഹിലെത്തി. ഖുത്‌ബ ജുമുഅ നിർവഹിച്ചു. അതോടെ ജൽസാസാലാനയ്ക്ക് തുടക്കം കുറിച്ചു. താഴെ പറയുന്ന ഭാഷകളിൽ തൽസമയ തർജമയ്ക്കുള്ള ഏർപാട് ചെയ്യപ്പെട്ടിരുന്നു. അറബി, അൽബേനിയൻ, ബംഗ്ലാ, ബോസ്നിയൻ, ബൽഗേറിയൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഇന്തൊനേഷ്യൻ, റഷ്യൻ, സ്പാനിഷ്, ടർക്കിശ്.

ഖുത്‌ബ ജുമുഅയ്ക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് അസ്്ർ നമസ്കാരവും ജംആക്കി നമസ്കരിപ്പിച്ചിരുന്നു. റേഡിയോ എഫ്.എം ലും ഹുദൂർ അൻവറിന്റെ ഖുത്‌ബ ജുമുഅ തൽസമയസംപ്രേഷണം ചെയ്തിരുന്നു. ഇതിനുപുറമെ ആപ്പിന്റെ സംവിധാനവുമുണ്ടായിരുന്നു. ജൽസാസാലാന ജർമനിയുടെ സംപ്രേഷണം ഉർദു, ജർമൻ ഭാഷകളിൽ ജൽസാ ഓഡിയോ ആപ്പിലും കേൾക്കാമായിരുന്നു. എന്നാൽ, ഇന്റർനെറ്റ് സൗകര്യമില്ലാത്തവർക്ക് ഫോണിലൂടെ നമ്പർ കണക്റ്റു ചെയ്ത് ജൽസയുടെ സംപ്രേഷണം തങ്ങളുടെ ഫോണുകളിലും കേൾക്കാമായിരുന്നു.

**പ്രസ് കോൺഫ്രൻസ്:**

ജുമുഅ–അസ്്ർ നമസ്കാരങ്ങൾക്കു ശേഷം ഹുദൂർ കോൺഫ്രൻസ് ഹാളിൽ ആഗതരായി. അവിടെയായിരുന്നു പ്രസ് കോൺഫ്രൻസ് സംഘടിപ്പിച്ചിരുന്നത്. ജർമനി, സെൽവാനിയ, മെസിഡോണിയായിൽനിന്നുള്ള ഇലക്ട്രോണിക് പ്രിന്റ് മീഡിയ പ്രതിനിധികളും ജേർണലിസ്റ്റുകളും ഹുദൂറിന് പ്രതീക്ഷിച്ചിരിപ്പുണ്ടായിരുന്നു. 3.10 ന് പത്രസമ്മേളനം തുടങ്ങി.

❋ ഒരു പത്രപ്രതിനിധിയുടെ ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: 'നോക്കൂ, ഞങ്ങളുടെ ജൽസാ ഞങ്ങളുടെ ജമാഅത്തിലെ അംഗങ്ങൾക്കുവേണ്ടിയുള്ളതാണ്. അതിന്റെ ഉദ്ദേശ്യം അഹ്മദികൾ ആത്മീയമായ നിലയിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്. തങ്ങളുടെ സ്വഭാവങ്ങൾ മെച്ചപ്പെടുത്തുക. അല്ലാഹുവിനോടുള്ള കടമകളും സമസൃഷ്ടികളോടുള്ള കടമകളും മനസ്സിലാക്കുക എന്നതാണ്; എങ്ങനെ നമുക്ക് ഈ കടമകൾ നല്ല നിലയിൽ നിറവേറ്റാൻ കഴിയും.'

ഇതിനുശേഷം ഒരു ചോദ്യമുണ്ടായത് ഇസ്ലാമോഫോബിയായെ കുറിച്ചായിരുന്നു. അതിന് മറുപടിയായി ഹുദൂർ പറഞ്ഞു: 'ഇസ്ലാമിയോഫോബിയാ എന്തുകൊണ്ടുണ്ടാകുന്നുവെന്ന് എനിക്കറിയുകയില്ല. മുസ്‌ലിമീങ്ങളിൽ രണ്ടു തരത്തിലുള്ള മുസ്‌ലമീങ്ങളുണ്ട്. കുറച്ചു ഭീകരവാദികളും അക്രമം ഇഷ്ടപ്പെടുന്നവരുമാണ്. അവർ തങ്ങളുടെ നാടുകളിൽത്തന്നെ കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കുന്നു. അതിന്റെ സ്വാധീനം മുസ്‌ലിം രാജ്യങ്ങൾക്ക് വെളിയിലും എത്തിക്കൊണ്ടിരിക്കുന്നു. പിന്നെ മറ്റുതരത്തിലുള്ള മുസ്‌ലിമീങ്ങളുമുണ്ട്; ഞങ്ങളെപ്പോലെ. അവർ എപ്പോഴും ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിൽ ഒരു മുസ്‌ലിമിന്റെ നിർബന്ധ കടമകളെന്തൊക്കെയാണെന്ന് പറയപ്പെടുന്നു. അല്ലാഹുവിനോടുള്ള കടമകളെന്തൊക്കെയാണ്. അവന്റെ സൃഷ്ടികളോടുള്ള കടമകളെന്തൊക്കെയാണ്. ഏറ്റവും നല്ല നിലയിൽ നമുക്കെങ്ങനെ ഈ കടമകൾ നിറവേറ്റാൻ കഴിയും. അതിനാൽ നിങ്ങൾ ഇസ്ലാമിനെ സംബന്ധിച്ച് ഞങ്ങളുടെ വീക്ഷണം നോക്കുകയാണെങ്കിൽ പിന്നെ ഒരു തരത്തിലുള്ള ഇസ്ലാമോ ഫോബിയായും ഉണ്ടാകാൻ പാടില്ലാത്തതാണ്.'

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇസ്ലാമോഫോബിയ യഥാർഥത്തിലുണ്ടാകുന്നതെന്തുകൊണ്ടാണ്? പത്രപ്രവർത്തകരും ലേഖകരുമായ നിങ്ങൾതന്നെ പറയുന്നത് ബുദ്ധിമുട്ടുകളും കുഴപ്പങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ തീവ്രവാദികളുടെ എണ്ണം വളരെ നിസാരമായതുകൊണ്ട് നിങ്ങൾക്കവരെ ഇസ്ലാമോഫോബിയ എന്നു പറയാൻ സാധിക്കുകയില്ലെന്നാണ്. ഈ കുഴപ്പം ഭീകരവാദികളായ കുറച്ചു മുസ്‌ലിമീങ്ങൾ സൃഷ്ടിച്ചതാണെന്ന് പറയാം. എന്റെ നോട്ടത്തിൽ ഒരു പ്രശ്നവുമുണ്ടാകാതിരിക്കേണ്ടതാണ്. നിങ്ങൾ ഇസ്ലാമിനെ ഞങ്ങളുടെ ദൃഷ്ടികൊണ്ടു നോക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇസ്ലാമിൽ ഒരു തെറ്റും കാണാൻ കഴിയുകയില്ല. അങ്ങനെ തെറ്റായ ഒരു കാര്യവും ഇല്ലെന്നു വരുമ്പോൾ ഇസ്ലാമോഫോബിയായുമുണ്ടാകുകയില്ല. ലോകത്ത് കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന കുറച്ചാളുകൾ തീർച്ചയായുമുണ്ട്. അവരിൽ മുസ്‌ലിമീങ്ങളുമുണ്ട്. മറ്റുള്ളവരിൽനിന്നുള്ളവരുമുണ്ട്. ഓരോ വർഷവും ആയിരക്കണക്കിനാളുകൾ അമേരിക്കയിൽ വധിക്കപ്പെടുന്നുണ്ട്. ആരാണ് അവരെ വധിക്കുന്നത്? ഇവർ ആ നാട്ടിലെതന്നെ അമേരിക്കക്കാരാണ്. ഇതേ കാര്യം മുസ്‌ലിം രാജ്യങ്ങളിലുമുണ്ടാകുന്നുണ്ട്. പക്ഷേ, ഇക്കാലത്ത് സ്വന്തം നാട്ടിൽ സ്വന്തമാളുകളെ കൊന്നുകൊണ്ടിരിക്കുന്ന അവരെ കുറിച്ച് ആരാണ് ഇതു ചെയ്യുന്നതെങ്കിലും ക്രിസ്തുമതം കാരണത്താലാണ് ഇതുണ്ടാകുന്നതെന്ന് പറയാൻ സാധിക്കുകയില്ല. അതിനാൽ മുസ്‌ലിമീങ്ങളിലെ ഭീകരവാദികളുടെ പ്രവൃത്തികളെ ഇസ്ലാമുമായി ബന്ധപ്പെടുത്തി പറയാൻ പാടില്ല.

❋ മെസിഡോണിയായിൽനിന്നുള്ള ഒരു പത്രപ്രവർത്തകൻ ചോദിച്ചു: യൂറോപ്പിൽ ചിലയാളുകൾക്ക് പൗരസ്ത്യരാജ്യങ്ങൾ ഉദാഹരണത്തിന് പാക്കിസ്താൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് വരുന്നവരിൽനിന്ന് ഈ ഭീഷണിയുണ്ട്, അതായത് അവർ ഈ യൂറോപ്യൻ രാജ്യങ്ങലിൽ താമസിച്ചിട്ടും തങ്ങളുടെതന്നെ കൾച്ചറും പാരമ്പര്യവും നിലനിറുത്തിപോരുന്നു. യൂറോപ്യൻ പാരമ്പര്യം സ്വായത്തമാക്കുന്നില്ല. ഇതു സംബന്ധമായി ഹുദൂർ അൻവറിന്റെ അഭിപ്രായമെന്താണ്?

ഹുദൂർ പറഞ്ഞു: 'ഇതിനെ സംബന്ധിച്ച് ഭീഷണിയുള്ളവർക്കാണ് പറയാൻ കഴിയുക. പിന്നീടുള്ളത് പാക്കിസ്താനിൽനിന്നു വരുന്നവരാണ്. അല്ലെങ്കിൽ തങ്ങളുടെ വാല്യു സംരക്ഷിക്കാനാഗ്രഹിക്കുന്നവരും തങ്ങളുടെ മതത്തെ കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരും അതിൽ നിലകൊള്ളുന്നവരാണ്. അവർ തങ്ങളുടെ മതത്തെ പ്രാക്ടീസ് ചെയ്യുന്നുണ്ടെങ്കിൽ അതുസംബന്ധമായി യൂറോപ്പ് ഭയപ്പെടാതിരിക്കേണ്ടതാണ്. യൂറോപ്യൻക്കാർക്ക് അതുകൊണ്ട് ഭീഷണിയുണ്ടെങ്കിൽ ഞാൻ വിചാരിക്കുന്നത് അതൊരു തെറ്റായ ഭീഷണിയാണെന്നാണ്. കാരണം അതിന്റെ അർഥം അവർക്ക് തങ്ങളെ കുറിച്ച് ദൃഢനിശ്ചയവും വിശ്വാസവുമില്ലെന്നാണ്. ഒരു ചെറിയ കമ്മ്യൂണിറ്റിയോ കുറച്ച് ആളുകളോ കുടിയേറി പാർത്തവരോ(immigrants) അവരുടെമേൽ കൂടുതൽ സ്വാധീനം ചെലുത്തുകയും അവർ വർധിക്കുകയും മുസ്‌ലിമീങ്ങൾ അധികമാകുകയും ചെയ്യുമെന്ന ധാരണ ശരിയല്ല. ഒരിക്കലും ഒരു രാജ്യത്തും തദ്ദേശവാസികളെ കുറയ്ക്കുംവിധം കുടിയേറ്റക്കാർക്ക് അധികമായി വളരാൻ സാധിക്കുകയില്ല. തദ്ദേശീയമായി ഏതെങ്കിലും മതത്തിന്റെ കാര്യത്തിൽ അധികമാകുന്നുവെങ്കിൽ അത് ആ മതം കാരണത്താലാണ്. ഏതുപോലെ ക്രിസ്തുമതം ലോകത്ത് വ്യാപിച്ചപ്പോൾ ക്രിസ്തുമതം എല്ലാ രാജ്യത്തേയും കൾച്ചറിനെ അല്ലെങ്കിൽ അവരുടെ സിവിലൈസേഷനെ, ആ രാജ്യത്തെ ജനങ്ങളെ വർധിപ്പിച്ചു. അല്ലാതെ കുടിയേറ്റക്കാർ വന്ന് ക്രിസ്തുമതം വ്യാപി

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)*

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

പ്പിച്ചതല്ല. ഇവർ മതത്തെ സംരക്ഷിക്കുന്നുവെ ങ്കിൽ ആശങ്കപ്പെടേണ്ട കാര്യമൊന്നുമല്ല അത്. ഇക്കൂട്ടർ തങ്ങളുടെ മതത്തെ സംരക്ഷിക്കുന്നി ല്ലെങ്കിൽ അപ്പോൾ അവർ ചിന്തിക്കേണ്ടതാണ്. അവർ അവരുടെ മതത്തെ സംരക്ഷിക്കേണ്ട താണ്. തങ്ങളുടെ മതത്തിന്റെ മൂല്യങ്ങൾ നി ലനിറുത്തുക. ഇക്കൂട്ടർ തങ്ങളുടെ അധ്യാപന ങ്ങളും മൂല്യങ്ങളും നിലനിറുത്തുകയാണെങ്കിൽ മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും അവരുടെമേൽ സ്വാധീനം നടത്താൻ സാധിക്കുകയില്ല. അതു കൊണ്ട് അപകടകരമായ കാര്യമൊന്നുമില്ല.

❁അവസാനം ഒരു സ്ത്രീ ചോദിച്ചു: 'ജമാഅ ത്തിൽ സ്ത്രീയും പുരുഷനും തമ്മിൽ എത്ര ത്തോളം വ്യത്യാസമുണ്ട്. അവർ എന്ത് പങ്കാണ് വഹിക്കുന്നത്?

ഹുദൂർ പറഞ്ഞു: നിങ്ങൾ അടിസ്ഥാനപരമായ ഒരു കാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. ഞങ്ങൾ മതപരമായ ഒരു സംഘടനയാണ്. ഞങ്ങൾ മതാധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടവരാണ്. ഞങ്ങൾ ഞങ്ങളുടെ പവിത്ര മായ ഗ്രന്ഥത്തെ പിൻപറ്റേണ്ടവരാണ്; അത് വിശുദ്ധ ഖുർആനാണ്. ഞങ്ങൾ നബി(സ)തി രുമേനിയുടെ ജീവിതചര്യയും തിരുമൊഴികളും പിൻപറ്റേണ്ടവരാണ്. നിങ്ങൾ അതിനെ പിൻപ റ്റുന്നില്ലെങ്കിൽ അതിന്റെ അർഥം നിങ്ങൾ അടി സ്ഥാനപരമായ അധ്യാപനങ്ങളിൽനിന്ന് പിൻ വാങ്ങുന്നുവെന്നാണ്. രണ്ടാമത്തെ കാര്യം ഇസ് ലാം ആരംഭം മുതൽത്തന്നെ സ്ത്രീകളുടെ അവ കാശങ്ങൾ സ്ഥാപിച്ചുവെന്നതാണ്. ഒരു നൂറ്റാ ണ്ടുമുമ്പേ പോലും യൂറോപ്പിൽ സ്ത്രീകൾക്ക് അവകാശങ്ങൾ കരസ്ഥമായിരുന്നില്ല. തങ്ങളുടെ മാതാപിതാക്കളുടെ അനന്തരാവകാശ സ്വത്ത് കരസ്ഥമാക്കാൻ സത്രീകൾക്ക് അവകാശമുണ്ടാ യിരുന്നില്ല. അവർക്ക് ഓട്ടു ചെയ്യാനും അവകാ ശമുണ്ടായിരുന്നില്ല. ഇതിനു പുറമെയും ഒരുപാട് കാര്യങ്ങളുണ്ട്. ഇസ്‌ലാം സ്ത്രീകളെ അനന്തരാ വകാശത്തിൽ ഭാഗഭാക്കാക്കി. ഭർത്താവുമായി പൊരുത്തക്കേടുണ്ടായാൽ വിവാഹബന്ധം വേ ർപെടുത്താൻ(ഖുല) അവർക്ക് അവകാശം ന ല്കി. സ്ത്രീകൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം വിവാഹം ചെയ്യാൻ അവകാശം നല്കി; പക്ഷേ, തങ്ങളുടെ മാതാപിതാക്കളുമായി കൂടിയാലോ ചിച്ചതിനുശേഷം. ഇതിനുപുറമെ ധാരാളം മറ്റു കല്പനകളുമുണ്ട്. അവ മുഖേന സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിച്ചു. ഇക്കാര്യങ്ങളാണ് ഞങ്ങളുടെ ജമാഅത്തിലുള്ളത്. നിങ്ങൾക്കു കാണാം സ്ത്രീകൾക്ക് പ്രത്യേകം ഹാളാണ്. അ വർക്ക് അവിടെ എല്ലാ സൗകര്യങ്ങളും ഏർപാ ടാക്കിയിരിക്കുന്നു. നാളെ അവർ തങ്ങളുടെ പ രിപാടി സംഘടിപ്പിക്കുന്നതായിരിക്കും. അവിടെ സ്ത്രീകൾ പ്രസംഗിക്കുന്നതായിരിക്കും. ഞാനും അവരെ സംബോധനചെയ്ത് പ്രസംഗിക്കും. ഇത് സ്ത്രീകളുടെ ചുമതലയാണെന്നും ഇത് പുരുഷന്മാരുടെ ചുമതലയാണെന്നും ഇസ് ലാം പറഞ്ഞു. ഈ ജോലികൾ പുരുഷന്മാർ ചെയ്യേണ്ടതാണ്. ഈ ജോലികൾ സ്ത്രീകൾ ചെയ്യേണ്ടതാണ്. സ്ത്രീകൾ പുരുഷന്മാരുടെ മേൽനോട്ടമില്ലാതെ ജോലി ചെയ്താൽ കൂടു തൽ മെച്ചപ്പെട്ട നിലയിൽ ജോലി ചെയ്യാൻ കഴിയുമെന്നത് മേരിയുടെ തത്ത്വമാണ്. നിങ്ങ ളോടൊപ്പം അവിടെ ഇരിക്കുന്ന സ്ത്രീകൾ പു രുഷന്മാരെക്കാൾ പ്രസംഗിക്കാൻ കഴിവുള്ളവരാ ണ്.

3.23 ന് ഈ പത്രസമ്മേളനം സമാപിച്ചു. ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങുകയും ചെയ്തു.

**സെനഗൽ(Senegal)**

**സംഘത്തിന്റെ കൂടിക്കാഴ്ച**

ഇന്ന് വൈകുന്നേരം സെനഗൽ, മെയൂട്ടി ഐ ലന്റ്, ലിത്വാനിയ എന്നീ രാജ്യങ്ങളിൽ നിന്നു വന്ന സംഘങ്ങളും അതിഥികളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്ന പ്രോഗ്രാമായിരുന്നു. 8.00മണിക്ക് ഹുദൂർ അൻവർ കൂടിക്കാഴ്ചയ് ക്കുള്ള ഹാളിലെത്തി. ആദ്യം സെനിഗൾ സംഘ മാണ് ഹുദൂറിനെ കണ്ടത്. 9 പേരടങ്ങുന്ന ഈ സംഘത്തിൽ സെനിഗളിലെ രണ്ടാമത്തെ വലിയ പട്ടണമായ അംബൂറിന്റെ കമ്മീഷണർ മിസ്റ്റർ സയ്ർ നദാവൊ, ആരോഗ്യ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറൽ എസ്റ്റാബ്ലിഷ്മെന്റ് മിസ്റ്റർ മോർഡിയാവോ, ഡയറക്ടർ റേഡിയോ ഡാഫ് ഉമർസായിദൊ സാഹിബ്, ഉലമാ കൗൺസിൽ സെക്രട്ടറി ജനറൽ മുഹമ്മദ് ഹബീബ് ഗിന്നാ സാഹിബ് തുടങ്ങിയവർ ഈ സംഘത്തിൽ ഉണ്ടായിരുന്നു. ഹുദൂർ അൻവർ അന്വേഷിച്ചപ്പോ ൾ എല്ലാവരും അവരവരെ പരിചയപ്പെടുത്തി.

❁പ്രദേശത്തിന്റെ കമ്മീഷണർ സയ്ർ നദാ വൊ സാഹിബ്: ഹുദൂറിനെ കണ്ടതിൽ ഞാൻ വളരെ സന്തുഷ്ടനാണ്. സ്നേഹത്തിന്റേയും തൗഹീദിന്റേയും പാഠങ്ങൾ ഉൾക്കൊള്ളുന്ന ഇ ന്നത്തെ ഹുദൂറിന്റെ ഖുത്ബ എന്നെ വളരെ സ്വാധീനിച്ചു. ഹുദൂറിനെ ഇന്ന് കാണാതെയും ഈ ജൽസയിൽ പങ്കെടുക്കാതെയും ഞാൻ പോ യിരുന്നെങ്കിൽ എന്റെ ജീവിതത്തിലെ നികത്താ ൻ പറ്റാത്ത വലിയൊരു വിടവായി എനിക്ക് അത് തോന്നുമായിരുന്നു. എന്റെ ജീവിതത്തിന്റെ മിഷൻ ഹുദൂറിനെ കണ്ടതിനു ശേഷം പൂർ ത്തിയായതായി ഞാൻ മനസ്സിലാക്കുന്നു. ഇക്കാ ര്യം എവിടേയും ഏതവസരത്തിലും ഞാൻ പ റയുന്നതായിരിക്കും. ഹുദൂർ അൻവർ ഒരു ആ ത്മീയ വ്യക്തിത്വമാണ്. എന്നല്ല ദൈവത്താൽ നിശ്ചയിക്കപ്പെട്ട വ്യക്തിയാണ്. അങ്ങ് ലോക ത്തിലെ മനുഷ്യനല്ല.

ഇക്കാര്യം വിവരിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. ഇത്ര വലിയ വ്യക്തിയെ കുറിച്ച് വിവരിക്കാൻ താൻ അശക്ത നാണെന്ന് അദ്ദേഹം തുടർന്ന് പറഞ്ഞിരുന്നു. അദ്ദേഹം ഹുദൂറിന് ഈ സംഘത്തിന്റെ ഉപഹാ രം എന്ന നിലയിൽ ഒരു കപ്പലിന്റെ രൂപം ന ല്കിക്കൊണ്ടു പറഞ്ഞു:

'ഈ കപ്പൽ സമാധാനത്തിന്റേതാണ്. 'എല്ലാ വരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്ന കപ്പലാണ്. ഇപ്പോൾ ആര് ഇതിൽ പ്ര വേശിച്ചാലും അവർ സമാധാനത്തിലായിരിക്കും. ഇത് അഹ്മദിയ്യത്തിന്റെ കപ്പലാണ്. കപ്പൽ ഉപ ഹാരമായി നല്കുന്നതിന്റെ പിന്നിൽ മറ്റൊരു ഉദ്ദേശ്യം ഞങ്ങളുടെ രാജ്യത്തിന്റെ ജീവിതവിഭവം കപ്പലുമായി ബന്ധപ്പെട്ടാണുള്ളത്. അതുകൊണ്ട് ഞങ്ങളുടെ രാജ്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. ഹുദൂറിനെ സെനിഗൽ സന്ദർശിക്കാൻ ക്ഷണിച്ചുകൊള്ളുന്നു.

ഹുദൂർ അൻവർ പറഞ്ഞു: ഇൻശാഅല്ലാഹ്, ഞാൻ സമയം കണ്ടെത്തുന്നതാണ്.

❁ സെനിഗൽ ആരോഗ്യ വിഭാഗത്തിന്റെ ഡയ റക്ടർ ജനറൽ എസ്റ്റാബ്ലിഷ്മെന്റും എല്ലാ ഹോ സ്പിറ്റലിന്റേയും ഇൻചാർജുമായ ഡോക്ടർ മോ ർജാവൊ സാഹിബ് പറയുന്നു: ഹുദൂറുമായി അഭിമുഖം നടത്താൻ കഴിഞ്ഞു എന്നത് ഞങ്ങ ളുടെ ജീവിതത്തിന്റെ വളരെ വലിയ സൗഭാ ഗ്യമാണ്. ജമാഅത്ത് അവിടെ ഹോസ്പിറ്റൽ തുറന്നു. ഇത് വളരെ വലിയ ശ്രമമായിരുന്നു. കനഡക്കാർ ഈ ഹോസ്പിറ്റലിനു വേണ്ടിയുള്ള സാധനങ്ങൾ അയച്ചു തന്നു. ഇക്കാര്യത്തിലും ഞാൻ ഹുദൂറിനോട് വളരെയധികം നന്ദി പ റയുന്നു. കൂടുതൽ ഹോസ്പിറ്റലുകളുടേയും ആരോഗ്യ, വിദ്യാഭ്യാസ സൗകര്യങ്ങളുടേയും അനിവാര്യത ഈ വിഭാഗങ്ങൾ നേരിടുന്നുണ്ട്. പ്രത്യേകിച്ചും മാതാക്കൾക്കും കുട്ടികൾക്കുംവേ ണ്ടിയുള്ള ഹോസ്പിറ്റലിന്റെ ആവശ്യം ഞങ്ങൾ നേരിടുന്നുണ്ട്.

ഹുദൂർ അൻവർ: 'ഞങ്ങൾ അത് പരിശോധി ക്കുന്നതായിരിക്കും. ഞങ്ങൾ ആരിലേക്കെങ്കി ലും മൈത്രിയുടെ കൈ നീട്ടിയാൽ അത് പി ൻവലിക്കാറില്ല.'

അപ്പോൾ സംഘത്തിലുള്ളവരെല്ലാം കൈകൾ ഹുദൂറിലേക്ക് നീട്ടിക്കൊണ്ട് ഒറ്റ സ്വരത്തിൽ പ റഞ്ഞു: 'ഞങ്ങളുടെ ഭാഗത്തുനിന്നും ഈ കൈ ഒരിക്കലും പിൻവലിക്കുന്നതല്ല.'

അദ്ദേഹം തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവ രിച്ചു: ഞാൻ ലോകത്തിലെ ധാരാളം രാജ്യങ്ങൾ കണ്ടിട്ടുണ്ട്. മതപരവും രാഷ്ട്രീയവുമായുള്ള ഒരുപാട് സമ്മേളനങ്ങളും കണ്ടിട്ടുണ്ട്. അമേ രിക്ക, യൂറോപ്പ് തുടങ്ങി എല്ലാ സ്ഥലങ്ങളിലും പോയിട്ടുണ്ട്. എന്നാൽ, ഇന്നുവരെ ഇത്തര ത്തിലുള്ള ഒരു സംവിധാനം, ഇത്തരത്തിലുള്ള യഥാർഥ ഇസ്‌ലാം, ഇസ്‌ലാമിന്റെ ഇങ്ങനെ യൊരു ചിത്രം മുമ്പേയൊരിക്കലും കണ്ടിട്ടില്ല. ഇവിടുത്തെ ജനങ്ങളിൽ കണ്ട അനുസരണം എവിടേയും കണ്ടിട്ടില്ല. എനിക്ക് വ്യക്തമായ തെളിവോടുകൂടി പറയാൻ കഴിയും മറ്റൊരു രാഷ്ട്രീയ, മതരംഗത്തുള്ള നേതാവിനും ലഭി ക്കാത്ത സ്നേഹം ഇവിടെയുള്ളവരിൽ ഖിലാ ഫത്തിനോടുണ്ട്. ഈ യാഥാർഥ്യം ഞാൻ അംഗീകരിക്കുന്നു.

❁ഡോക്ടർ മോജാവൊ സാഹിബും കമ്മീഷ ണർ സയ്ർ നദാവൊ സാഹിബും പറയുന്നു: ഞങ്ങൾ ഹൃദയാത്മനാ ഈ സത്യത്തെ സ്വീ കരിക്കുന്നു. ആർക്കും തള്ളിപ്പറയാൻ കഴിയാ ത്ത വിധമുള്ള സത്യത്തെയാണ് ഞങ്ങൾ ക ണ്ടിരിക്കുന്നത്. ഞങ്ങളുടെ ഹൃദയം ഇന്നു മുതൽ നിങ്ങളോടൊപ്പമാണ്. ഞങ്ങൾ കണ്ടതും നിങ്ങളിൽനിന്നു കേട്ടതും പ്രത്യേകിച്ചും പ്രഭാ ഷണത്തിൽനിന്ന് ഇതൊരിക്കലും ഹൃദയത്തി ൽനിന്നു മാഞ്ഞു പോകുന്നതല്ല.

അപ്പോൾ ഹുദൂർ അൻവർ പറഞ്ഞു: യഥാർഥകാ ര്യം സൂക്ഷ്മതയാണ്. മനുഷ്യനെന്നും സൂക്ഷ് മതയോടെ പ്രവർത്തിക്കേണ്ടതാണ്. അല്ലാഹു നിങ്ങളോടൊപ്പം എപ്പോഴും ഉണ്ടായിരിക്കട്ടെ.

❁ സെനിഗൽ റേഡിയോ ഡയറക്ടർ ഡാഫ് ഉമർ സായിദൊ സാഹിബ് പറയുന്നു: ഞാൻ റേഡിയോയുടെ ഡയറക്ടറാണ്. ജമാഅത്തിന്റെ പ്രോഗ്രാം എല്ലാ വെള്ളിയാഴ്ചയും ഉണ്ട്. ഫ്രഞ്ച് ഭാഷയിൽ ഹുദൂറിന്റെ ഖുത്ബ തൽസ മയം എല്ലാ വെള്ളിയാഴ്ചയും സംപ്രേഷണം ചെയ്യുന്നുണ്ട്. ഈ അഭിമുഖം എനിക്കും എന്റെ കുടുംബത്തിനും ജീവിതത്തിൽ നേടിയ വിലപി

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ടിച്ച സമ്പാദ്യമാണ്. ഞാൻ എന്നത്തേക്കുമായി ഖലീഫയുടേതായിരിക്കുന്നു. കാരണം ഞാൻ അദ്ദേഹത്തെ കണ്ടിരിക്കുന്നു. ഈ സത്യം ദർശിച്ചതിന്നുശേഷം എനിക്ക് അദ്ദേഹത്തിന്റേതല്ലാതാകുക സാധ്യമല്ല. ഞാൻ അദ്ദേഹത്തിന്റേതാണ്. ലോകത്ത് ഞാൻ എവിടെയാണെങ്കിലും ശരി ഇന്നേക്കുശേഷം ഞാൻ ദൈവത്തിന്റെ ഖലീഫയുടേതായിരിക്കും.

ഞാൻ ഹുദൂറിനോട് എന്റെ കുടുംബത്തിന്നു വേണ്ടി ദുആക്ക് അപേക്ഷിക്കുകയാണ്. ഹുദൂർ അൻവറിന്റെ ഖുത്‌ബ എന്റെയുള്ളിൽ അഗാധമായ സ്വാധീനമുണ്ടാക്കിയിരിക്കുന്നു. കൂടാതെ ഞങ്ങളുടെ നാട്ടിൽ പെട്രോളും ഗ്യാസും കണ്ടു പിടിച്ചിരിക്കുന്നു. ഇതിന്നു വേണ്ടിയും ദുആക്കപേക്ഷിക്കുകയാണ്.

ഹുദൂർ അൻവർ: 'ഞാൻ ഘാനയുടെ പ്രസിഡന്റിനോടും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. നിങ്ങൾ നീതിയോടെ വിതരണം ചെയ്യാതിരിക്കുകയും അഴിമതി ഉണ്ടാകുകയും ചെയ്യുകയാണെങ്കിൽ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന്. പെട്രോൾ നൈജീരിയയിലും സുലഭമാണ്. എന്നിട്ടും അവിടെ ജനങ്ങൾ കുപ്പത്തൊട്ടിയിൽ നിന്ന് എടുത്ത് തിന്നേണ്ടവിധം പട്ടിണിയിലാണുള്ളത്. അതുകൊണ്ട്, സമ്പത്തുകൾ നീതിയോടെ വിതരണം ചെയ്യൽ അനിവാര്യമാണ്.'

❋ ഇതിനുശേഷം ഉലമാ കൗൺസിലിന്റെ സെക്രട്ടറി ജനറൽ മുഹമ്മദ് ഘന്നാ സാഹിബ് തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: 'ഞാൻ അമ്പൂരിലെ വലിയ മസ്ജിദിലെ ഇമാമാണ്. അങ്ങയോട് വളരെ നന്ദിയുണ്ട്. അങ്ങ് നല്കിയ ഖുത്‌ബ ഏകദൈവ വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ദറസായിരുന്നു. യഥാർഥ ഇസ്‌ലാം ഇതു തന്നെയാണ്. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും നിങ്ങൾ ചെയ്യുന്ന പ്രവർത്തനം ഇസ്‌ലാമിന് പുരോഗതി നല്കുകയും ഉമ്മത്തിനെ ഐക്യപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇന്ന് ഇസ്‌ലാമിന് ഇതിന്റെ വളരെ വലിയ ആവശ്യകതയുണ്ട്. ഹുദൂർ അരുളുകയാണെങ്കിൽ ഹുദൂർ താമസിക്കുന്ന യൂ.കെയിലും വന്ന് കാണണമെന്നുണ്ട്.'

ഹുദൂർ അൻവർ: 'യൂ.കെയുടെ വിസ കിട്ടുമെങ്കിൽ തീർച്ചയായും വരിക. എംബസിയാണ് വിസ നല്കേണ്ടത്. ബാക്കി ഏർപ്പാടുകളൊക്കെ ഞങ്ങളുടെ ഉത്തരവാദിത്വത്തിലായിരിക്കും. കൂടിക്കാഴ്ചയ്ക്കൊടുവിൽ എല്ലാവർക്കും ഹുദൂറിന് ഹസ്തദാനം ചെയ്യാനും അവസരം ലഭിച്ചു. ഹുദൂറുമൊത്ത് ഫോട്ടോ എടുത്തും സായൂജ്യമടഞ്ഞു.

**മെയൂട്ട്(Meute)ഐലന്റിൽ നിന്നുള്ളവരുമായി കൂടിക്കാഴ്ച**

9 പേരടങ്ങുന്ന മെയൂട്ട് (Meute)ഐലന്റിൽ നിന്നുള്ള സംഘം തുടർന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇവരിൽ അഹ്‌മദ് സലീം സാഹിബും ഭാര്യ ഈലാദ് ചക്‌രീൻ സാഹിബയും ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും പ്രാദേശിക രാഷ്ട്രീയവുമായി ബന്ധമുള്ളവരായിരുന്നു.

ഹുദൂർ അൻവർ ചോദിച്ചപ്പോൾ അഹ്‌മദ് സലീം സാഹിബ് പറഞ്ഞു: എന്റെ ജോലി വക്കാലത്താണ്. രാഷ്ട്രീയക്കാരനുമാണ്. അദ്ദേഹത്തോടൊപ്പം ഭാര്യയും രാഷ്ട്രീയത്തിൽ പങ്കാളിയാണ്.

മെയൂട്ട് മുബല്ലിഗ് പറഞ്ഞു: ഞങ്ങൾ അവിടെ മസ്ജിദും ഒരു ലൈബ്രറിയും നിർമിക്കാൻ ആഗ്രഹിക്കുന്നു. ഇതിന്നു വേണ്ടി സലീം സാഹിബ് നമ്മെ വളരെയധികം സഹായിക്കുന്നുണ്ട്.

ഹുദൂർ അൻവർ: 'ഞങ്ങളുടെ കമ്യൂണിറ്റി ലോകത്തെല്ലായിടത്തും മാനവസമൂഹത്തിന് സേവനങ്ങൾ ചെയ്തു വരുന്നു. ഞങ്ങൾ ഒരു യൂറോപ്യൻ സമൂഹമല്ല. ഒരു മത സമൂഹമാണ്. ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചു വരുന്നു. അവിടെ ഞങ്ങളെ സഹായിച്ചു വരുന്ന നിങ്ങൾ നിങ്ങളുടെ ഫീസ് വാങ്ങിയായിരിക്കണം ഞങ്ങളെ പരിഗണിക്കേണ്ടത്. ഞങ്ങൾ മാനവകുലത്തിന് നന്മയും സേവനവും എത്തിക്കുക എന്ന ദൗത്യമാണ് നിർവഹിച്ചു വരുന്നത്.'

❋ ലാബ്യൂൻ യൂസുഫ് സാഹിബ് തന്റെ കുടുംബത്തോടൊപ്പമാണ് ഹുദൂറിനെ കാണാനെത്തിയത്. ഇവിടുത്തെ ആരംഭകാല അഹ്‌മദികളിലൊരാളാണ് ഇദ്ദേഹം. ഇപ്പോൾ ജമാഅത്തിന്റെ സെക്രട്ടറി മാലുമാണ്. ഇദ്ദേഹം പറയുന്നു: 'ഞാനെന്റെ കുടുംബത്തിലെ ആദ്യ അഹ്‌മദിയാണ്. അഹ്‌മദിയാകുന്നതിന്നു മുമ്പേ എന്റെയടുക്കൽ ഒന്നുമുണ്ടായിരുന്നില്ല. അഹ്‌മദിയ്യത്ത് സ്വീകരിച്ചതിനുശേഷം ഇതിന്റെ ബർക്കത്തു കൊണ്ട് അല്ലാഹു എനിക്ക് ജോലിയും നല്കി, വീടും നല്കി, ഭാര്യാമക്കളേയും നല്കി.'

മുബല്ലിഗ് ഇൻചാർജ്: 'ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇദ്ദേഹത്തെ കാഫിർ എന്നാണ് വിളിക്കുന്നത്. അതിശക്തമായ എതിർപ് ഇദ്ദേഹത്തിനുണ്ട്.

ഹുദൂർ അൻവർ യൂസുഫ് സാഹിബിനോട് പറഞ്ഞു: നിങ്ങൾ സ്വന്തം പിതാവിനു വേണ്ടി ദുആചെയ്യുക. അല്ലാഹു അദ്ദേഹത്തിനു നേർമാർഗം കാണിച്ചു കൊടുക്കുമാറാകട്ടെ.'

യൂസുഫ് സാഹിബ്: 'എനിക്ക് കുട്ടി ജനിച്ചപ്പോൾ ഡോക്ടർമാർ പറഞ്ഞിരുന്നത് കുട്ടിക്ക് അംഗവൈകല്യം ഉണ്ടാകുമെന്നായിരുന്നു. ഭാവിയിൽ ഈ കുട്ടിക്ക് ഇരിക്കാനോ നില്ക്കാനോ കഴിയില്ല എന്നായിരുന്നു. കാഴ്ചയും ഉണ്ടാകില്ലെന്ന് പറഞ്ഞു. ഞാൻ ഹുദൂറിന് വിവരം പറഞ്ഞുകൊണ്ട് ദുആക്കപേക്ഷിച്ചിരുന്നു. ഇതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്ഭുതകരമായാണ് കുട്ടിയുടെ വളർച്ച സംഭവിച്ചത്. ആ കുട്ടിക്ക് ഇപ്പോൾ നില്ക്കാനും ഇരിക്കാനുമൊക്കെ സാധിക്കുന്നു.'

ഹുദൂർ അൻവർ ആ കുട്ടിയുടെ മേൽ തടവിക്കൊണ്ട് പറഞ്ഞു:'അല്ലാഹു അനുഗ്രഹം ചൊരിയും. കുട്ടിക്ക് ഇരിക്കാനും നിൽക്കാനും കഴിഞ്ഞിരുന്നെങ്കിലും കണ്ണുകളിലെ കാഴ്ച മങ്ങിയ നിലയിലായിരുന്നു. ഹുദൂർ അൻവർ തന്റെ അനുഗൃഹീത കരംകൊണ്ട് തടവിയതിനുശേഷം അല്ലാഹു അത്ഭുതകരമായ നിലയിൽ അവന്റെ കാഴ്ചയും നന്നാക്കി. കണ്ണിന്റെ മങ്ങിയ അവസ്ഥ മാറ്റിത്തന്നു. അൽഹംലില്ലാഹ്.

ഈ മുലാഖാത്ത് 08.40–വരെ തുടർന്നു.

(തുടരും)(ബദ്ർ ഉർദു 25 ജൂലൈ 2019)

(പേജ് 2ൽനിന്ന്)

അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിന്നോട് ഇപ്രകാരം പ്രാർഥിച്ച് സഹായം തേടേണ്ടതാണ്. "അല്ലാഹുവേ! ഇത് നിന്റെ അനുഗൃഹീത മതമാണ്. എന്നാൽ, ഞാൻ ആ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്ത വർഷവും ഞാൻ ജീവനോടുകൂടി ഇരിക്കുമോ ഇല്ലയോ? ഒഴിഞ്ഞുപോയ നോമ്പുകൾ നോറ്റുവീട്ടാൻ എനിക്കു സാധിക്കുമോ ഇല്ലായോ എന്നാർക്കറിയാം?"

ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും തൗഫീഖ് നൽകും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്.

ഈ അവസ്ഥയിൽ ഒരാൾ റമളാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ മാസം അയാൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നിദാനമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടേയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. അവർക്കുവേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്.

വളരെ സൂക്ഷ്മവും നേരിയതും ആയ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിന്റെ ആലസ്യം നിമിത്തം നോമ്പ് ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ– ഒരുനേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽകൂടി ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്ന് ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ തനിക്കു ഭാരമാണെന്ന് കരുതുകയാണ് ചെയ്യുന്നത്. അപ്പോൾ അയാൾക്ക് അല്ലാഹുവിൽ നിന്നെങ്ങിനെയാണ് പ്രതിഫലം ലഭിക്കുക? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്തിൽ ആനന്ദം അനുഭവിക്കുകയും അങ്ങനെ റമദാൻ ആഗതമായാൽ നോമ്പനുഷ്ഠിക്കുന്നതാണെന്ന് പ്രതീക്ഷിച്ചിരിക്കുകയും പക്ഷേ, തക്കസമയത്ത് രോഗകാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വന്നുപോവുകയും ചെയ്യുന്നുവോ അങ്ങനെയുള്ള ആളിനെ ഉപരിലോകത്ത് നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽ പെടുത്തുന്നതായിരിക്കും.

അല്ലാഹു, ഹൃദയത്തിൽ കുടികൊള്ളുന്ന സത്യവും ആത്മാർഥവുമായ ഉദ്ദേശ്യത്തെയാണ് വീക്ഷിക്കുന്നത്. അയാളുടെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്ക് അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം, വേദനയോടുകൂടിയ ഹൃദയം വിലമതിക്കത്തക്കതാണ്. ഒഴികഴിവു മനഃസ്ഥിതിയുള്ള ആൾ പല വിശദീകരണങ്ങളിലും അഭയം തേടുന്നു. എന്നാൽ, അല്ലാഹുവിന്റെ പക്കൽ ഈ അഭയം നിഷ്പ്രയോജനമാണെന്നതിൽ സംശയമില്ല. ഞാൻ ആറുമാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ ഒരു സംഘം പ്രവാചകന്മാരെ ആത്മദർശനത്തിൽ കാണുകയുണ്ടായി. അവരെന്നോട് നിങ്ങളെന്തിനാണ് നിങ്ങളുടെ അത്മാവിന്ന് ഇത്രയധികം പ്രയാസം

**ഹദീഥുന്നബ്‌വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതുകൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**ഹദീസുന്നബ്‌വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 30 July 2020 Issue-31

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഏല്പിക്കുന്നതെന്ന് ചോദിക്കുകയും ഇതിൽനിന്ന് പുറത്തുവരികയെന്ന് പറയുകയും ചെയ്തു. ഇതേ പ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിന് വേണ്ടി സ്വന്തം ആത്മാവിനെ കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെ പോലെ അയാളോട് കരുണകാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു എന്ന് ചോദിക്കുന്നതാണ്.

എന്നാൽ, ഇത്തരം പ്രയാസങ്ങളിൽനിന്ന് അനാവശ്യകാരണങ്ങൾ പറഞ്ഞ് രക്ഷനേടാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽ പെടുത്തുന്നതാണ്. അതിൽനിന്ന് പുറത്തുവരാൻ അത്തരക്കാർക്ക് സാധിക്കാതെപോകും. പക്ഷേ, സ്വയം പ്രയാസങ്ങൾ ഏറ്റെടുക്കുന്നവരെ അല്ലാഹു ആ പ്രയാസങ്ങളിൽനിന്ന് പുറത്തിറക്കുന്നതാണ്. അതുകൊണ്ട് തന്റെ നഫ്സിനോട് അനുകമ്പ കാണിക്കുന്നത് അതിന് നരകമായിരിക്കും, അല്ലാഹുവിൽനിന്നുള്ള അനുകമ്പയാകട്ടെ അതിന് സ്വർഗ്ഗവും!

ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ സംഭവംതന്നെ നോക്കുക. സ്വയം അഗ്നിയിൽ പ്രവേശിക്കാൻ തയ്യാറായതുകൊണ്ട് അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തി. എന്നാൽ, അഗ്നിയിൽനിന്ന് സ്വയം രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ അഗ്നിയിൽ ആഹൂതിച്ചെയ്യപ്പെടുന്നവരായിമാറും. ഇതിനാണ് ഇസ്ലാം എന്ന് പറയുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്തുതന്നെ വന്ന് ഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. റസൂൽ തിരുമേനി(സ) തന്റെ സ്വയം സംരക്ഷകനാവുകയും അതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ *വല്ലാഹു യഅ്സിമുക മിനന്നാസ്*(5:68) അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാണെന്ന തിരുവചനം ഇറങ്ങുമായിരുന്നില്ല. ദൈവികസംരക്ഷണത്തിന്റെ രഹസ്യം ഇതിലാണ് അടങ്ങിയിരിക്കുന്നത്. (മൽഫൂദാത്ത് വാള്യം 4 പേജ് 256–260,)

**വിശുദ്ധഖുർആന്റെ**
**ആധ്യാത്മിക പ്രഭാവങ്ങൾ**

“വിശുദ്ധഖുർആനെ അനുധാവനം ചെയ്യുന്നതിലൂടെ ദൈവാനുഗ്രഹങ്ങൾ ഹൃദയത്തിലിറങ്ങുകയും അത്ഭുതകരമായ സ്നേഹബന്ധം ഉദാരനായ അല്ലാഹുവുമായി ഉണ്ടാകുകയും ചെയ്യുന്നുവെന്നത് ലക്ഷക്കണക്കിന് പരിശുദ്ധാത്മാക്കളുടെ അനുഭവമാണ്. അല്ലാഹുവിന്റെ പ്രകാശങ്ങളും ദിവ്യബോധനങ്ങളും അവരുടെ ഹൃദയങ്ങളിൽ ഇറങ്ങുന്നു. ഈശ്വരീയമായ ജ്ഞാനങ്ങളും എല്ലാവർക്കും ഗ്രഹിച്ചെടുക്കാൻ പറ്റാത്ത കാര്യങ്ങളും അവരുടെ നാവിലൂടെ പുറത്തുവരുന്നു. ഒരു സമർപണശക്തിയും പ്രബല വിശ്വാസവും അവർക്ക് നൽകുന്നു, ദൈവവുമായിട്ടുള്ള സംസർഗത്താൽ സംരക്ഷണം പ്രാപിച്ചു ഒരു ഹൃദ്യമായ ദൈവസ്നേഹം അവരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്നു. അവരെ കഷ്ടതകളുടെ ഉരലിലിട്ട് പൊടിപൊടിയാക്കിയാലും ചക്കിലിട്ട് ആട്ടിയെടുത്താലും ദൈവസ്നേഹത്തിന്റെ നീരല്ലാതെ ഒന്നും അവരിലുണ്ടാകുകയില്ല. ജനങ്ങൾക്ക് അവരെ അറിയില്ല. അവർ ജനങ്ങളിൽനിന്ന് വളരെ ദൂരത്തും ഉയർച്ചയിലുമാണ്. അവരോടുള്ള അല്ലാഹുവിന്റെ ഇടപാടുകൾ അത്ഭുതസിദ്ധിയാണ്. ദൈവമുണ്ടെന്ന് അവർക്ക് അനുഭവവേദ്യമായി. അവൻ ഏകനാണെന്നും അവർക്ക് വ്യക്തമായി. അവർ പ്രാർഥിക്കുമ്പോൾ അവരുടെ പ്രാർഥന അവൻ അഭയം തേടുമ്പോൾ അവൻ അവരിലേക്ക് ഓടുന്നു. അവൻ പിതാക്കന്മാരെക്കാളധികം അവരെ സ്നേഹിക്കുന്നു. അവരുടെ ഉമ്മറപ്പടികളിലും ഭിത്തികളിലും അനുഗ്രഹങ്ങളുടെ മഴ വർഷിക്കുന്നു. അവന്റെ ബാഹ്യവും ആന്തരവും ആത്മീയവും ശാരീരികവുമായ സഹായങ്ങൾകൊണ്ട് അവർ തിരിച്ചറിയപ്പെടുന്നു. അവൻ എല്ലാ രംഗങ്ങളിലും അവരെ സഹായിക്കുന്നു. എന്തുകൊണ്ടെന്നാൽ, അവർ അവന്റേതാണ്, അവൻ അവരുടേതും.” (സുർമചശ്മെ ആര്യ, അടിക്കുറിപ്പ്, പേ–23–24)

ഖുർആനികമായ പ്രഭാവങ്ങൾ അത്ഭുതസിദ്ധിയാണ്. എന്തുകൊണ്ടെന്നാൽ ഖുർആനെപ്പൊലെ ലോകത്ത് സ്വാധീനം ചെലുത്തിയിട്ടുള്ള ഏതെങ്കിലും ഗ്രന്ഥം ഉദാഹരണമെന്ന നിലയിൽ പറയാൻ ആർക്കും സാധ്യമല്ല. വിശുദ്ധഖുർആൻ വരുത്തിയ അത്ഭുതകരമായ മാറ്റവും പരിഷ്കരണവും ഏതെങ്കിലും ഗ്രന്ഥം വരുത്തിയിട്ടുള്ളതായി ആർക്കെങ്കിലും തെളിവു നല്കാൻ സാധിക്കുമോ? (സുർമചശ്മെ ആര്യ, അടിക്കുറിപ്പ്, പേ–25,26 അടിക്കുറിപ്പ്)

വിശുദ്ധഖുർആന്റെ അത്ഭുതകരമായ പ്രഭാവങ്ങളിൽ ഒന്ന്, അതിനെ പൂർണമായും പിൻപറ്റുന്നയാൽ സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നു എന്നതുമാണ്. അവരുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയും അല്ലാഹു തന്റെ ഹൃദയഭാഷണത്തോടും നിറഞ്ഞ പ്രൗഢിയോടും കൂടി അവർക്കത് അറിയിച്ചുകൊടുക്കുകയും പ്രത്യേകനിലയിൽ ശത്രുക്കൾക്കെതിരിൽ അവരെ സഹായിക്കുകയും ചെയ്യുന്നു. പിന്താങ്ങ് എന്ന നിലയിൽ തന്റെ പ്രത്യേക അദൃശ്യവിഷയത്തിൽനിന്ന് അവർക്ക് വിവരം നല്കുന്നു. (ചശ്മയെ മഅ്രിഫത്ത്, പേ–259, അടിക്കുറിപ്പ്)

വിശുദ്ധഖുർആൻ അതിന്റെ ആധ്യാത്മിക വിശേഷഗുണവും വ്യക്തിഗതമായ വെളിച്ചവുംകൊണ്ട് അതിന്റെ സത്യസന്ധനായ അനുയായിയെ തന്നിലേക്ക് ആകർഷിച്ചെടുക്കുന്നു. അവന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുന്നു. പിന്നീട് വലിയ വലിയ അടയാളം കാണിച്ചുകൊണ്ട് കഷണം കഷണമാക്കുന്ന വാളിനുപോലും മുറിച്ചുനീക്കാൻ സാധിക്കാത്തതരത്തിലുള്ള സുദൃഢബന്ധം അല്ലാഹുവുമായി ഉണ്ടാക്കിക്കൊടുക്കുന്നു. അത് ഹൃദയത്തിന്റെ കണ്ണ് തുറക്കുന്നു. പാപത്തിന്റെ മലിനമായ ഉറവിടത്തെ അടയ്ക്കുന്നു. അല്ലാഹുവിന്റെ ഹൃദയഭാഷണവും സംബോധനവും അദൃശ്യജ്ഞാനങ്ങളും പ്രദാനം ചെയ്യുന്നു. പ്രാർഥന സ്വീകരിക്കുമ്പോൾ തന്റെ ഭാഷണം കൊണ്ടറിയിക്കുന്നു. വിശുദ്ധഖുർആന്റെ സത്യവാനായ അനുയായിക്കെതിരിൽ പോരാടുന്ന ഓരോരുത്തർക്കും ഭയങ്കരമായ അടയാളത്താൽ തന്റെ ഗ്രന്ഥത്തെ പിൻപറ്റുന്നവരോടൊപ്പമാണ് തനെന്ന് അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കുന്നു. (ചശ്മയെ മഅ്രിഫ, പേ– 294, 295)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

*ലിന്നാസ്*(3:11) എന്ന് പറയപ്പെട്ടു. *റളിയല്ലാഹു അൻഹും വറളൂ അൻഹു*(98:9) എന്ന ശബ്ദം അവർ കേട്ടു. നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് ഒരു കപടവിശ്വാസിയും മദീനയിലുണ്ടായിരുന്നില്ല. ചുരുക്കത്തിൽ അത്തരം വിജയമാണ് അദ്ദേഹത്തിനുണ്ടായത്. അതിന്റെ ഉദാഹരണം മറ്റു നബിമാരുടെ ജീവിതസംഭവങ്ങളിൽ ലഭിക്കുന്നില്ല. അതുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം ഇതായിരുന്നു; ഖീലയിലും ഖാലയിലും മാത്രം കാര്യങ്ങൾ ഒതുക്കി നിറുത്തരുത്. കാരണം ഖീലയും ഖാലയും പ്രദർശനപരതയുമാത്രമാണ് കാര്യമെങ്കിൽ മറ്റുള്ളവരും നമ്മളും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? മറ്റുള്ളവരുടെമേൽ നിങ്ങൾക്ക് എന്തു ശ്രേഷ്ഠതയാണുള്ളത്? നിങ്ങൾ നിങ്ങളുടെ കർമപരമായ മാതൃകമാത്രം കാണിക്കുക. അതിൽ മറ്റുള്ളവർ സ്വീകരിക്കുന്ന ഒരു തിളക്കമുണ്ടാകണം. കാരണം അതിൽ തിളക്കമുണ്ടാകാത്തിടത്തോളം അത് ആരും സ്വീകരിക്കുകയില്ല. അഴുക്കുപുരണ്ട വസ്തു ആരെങ്കിലും ഇഷ്ടപ്പെടുമോ? വസ്ത്രത്തിൽ ഒരു കറുത്ത കുത്തുണ്ടെങ്കിൽ അതാർക്കും നന്നായി തോന്നുകയില്ല. ഇതുപോലെ നിങ്ങളുടെ ആന്തരികമായ അവസ്ഥയിൽ വൃത്തിയും തിളക്കവും ഉണ്ടാകാത്തിടത്തോളം ആരും വാങ്ങാൻ ഉണ്ടാകുകയില്ല. എല്ലാവരും നല്ല സാധനമാണ് ഇഷ്ടപ്പെടുന്നത്. ഇതേപ്രകാരം നിങ്ങളുടെ സ്വഭാവങ്ങൾ ഉന്നതപദവിയിലുള്ളതല്ലെങ്കിൽ ഒരു സ്ഥാനവും അത് പ്രാപിക്കുകയില്ല.'(മൽഫൂദാത്ത് വാള്യം 1, പേജ് 165–166, 2018 ഖാദിയാൻ പതിപ്പ്)

★★★★

## ഹദീഥുന്നബ്വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*‘എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.’*
*(മുസ്ലിം)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**‘എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.’(മുസ്ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin